وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11 ലക്കം 27

# ബദർ

വാരിക ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

2026 ജൂലൈ 2 • ഹി.ശം 1405 വഫാ 2 • ഹി. ഖ. 1448 മുഹറം 16



### വിശുദ്ധ ഖുർആനിൽ നിന്ന്:

## സ്വലാത്ത് ചൊല്ലുന്നതിനുള്ള കൽപ്പന

اِنَّ اللّٰہَ وَمَلٰٓئِکَتَہٗ یُصَلُّوۡنَ عَلَی النَّبِیِّ ؕ یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا صَلُّوۡا عَلَیۡہِ وَسَلِّمُوۡا تَسۡلِیۡمًا۔

﴿سورۃ الاحزاب:57﴾

അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങളാശംസിക്കുന്നു. വിശ്വാസികളേ, തിരുനബി(സ)ക്ക് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻവേണ്ടി നിങ്ങളും പ്രാർത്ഥിക്കുക.



### ഹദീസ്:

## സ്വലാത്തും ദു:ആ സ്വീകാര്യതയും

عَنْ فَضَالَةَ بْنِ عُبَيْدٍ، قَالَ: بَيْنَا رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَاعِدًا إِذْ دَخَلَ رَجُلٌ فَصَلَّى، فَقَالَ: اللَّهُمَّ اغْفِرْ لِي وَارْحَمْنِي، فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " عَجِلْتَ أَيُّهَا الْمُصَلِّي، إِذَا صَلَّيْتَ فَقَعَدْتَ فَاحْمَدِ اللَّهَ بِمَا هُوَ أَهْلُهُ، وَصَلِّ عَلَيَّ ثُمَّ ادْعُهُ "، قَالَ: ثُمَّ صَلَّى رَجُلٌ آخَرُ بَعْدَ ذَلِكَ، فَحَمِدَ اللَّهَ وَصَلَّى عَلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " أَيُّهَا الْمُصَلِّي ادْعُ تُجَبْ ". قَالَ أَبُو عِيسَى: وَهَذَا حَدِيثٌ حَسَنٌ، وَقَدْ رَوَاهُ حَيْوَةُ بْنُ شُرَيْحٍ، عَنْ أَبِي هَانِئٍ الْخَوْلَانِيِّ، وَأَبُو هَانِئٍ اسْمُهُ حُمَيْدُ بْنُ هَانِئٍ، وَأَبُو عَلِيٍّ الْجَنْبِيُّ اسْمُهُ عَمْرُو بْنُ مَالِكٍ۔

ഫളാലത്തുബ്നു ഉബൈദ് (റ) നിവേദനം ചെയ്യുന്നു: ഞാൻ തിരുനബി(സ)യുടെ അടുത്തു ഇരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ വരികയും നമസ്കരിക്കുകയും ചെയ്തു. അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: '**അല്ലാഹുമ്മഗ് ഫിർലീ വർഹംനീ**' (അല്ലാഹുവേ, നീ എനിക്ക് പൊറുത്തുതരേണമേ, എന്നോട് കരുണ കാണിക്കേണമേ). അപ്പോൾ തിരുനബി(സ) പറഞ്ഞു: അല്ലയോ നമസ്കാരിക്കുന്ന സഹോദരാ, നീ ധൃതി കാണിച്ചു. നീ നമസ്കരത്തിൽ ഇരിക്കുമ്പോൾ അല്ലാഹുവിനെ ഉചിതമായ രീതിയിൽ സ്തുതിക്കുകയും, ശേഷം എനിക്ക് സ്വലാത്ത് ചൊല്ലുകയും ചെയ്യുക. പിന്നീട് നീ ആഗ്രഹിക്കുന്നത് പ്രാർത്ഥിക്കുക'. നിവേദകൻ പറയുന്നു: പിന്നീട് മറ്റൊരാൾ വരികയും അദ്ദേഹം അല്ലാഹുവിനെ സ്തുതിക്കുകയും തിരുനബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്തു. അപ്പോൾ തിരുനബി(സ) പറഞ്ഞു: 'നമസ്കരിക്കുന്നവനേ, നീ പ്രാർത്ഥിക്കുക, നിനക്ക് ഉത്തരം ലഭിക്കും'.

*(സുനനു തിർമിദി, അബ്‌വാബുദ്ദഅവാത്ത്, ബാബു മാ ജാഅ ഫീ ജാമിഇസ്സലവാത്ത് അനിന്നബി(സ), ഹദീസ് നമ്പർ: 3476)*



### ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:

## ഹദ്റത്ത് ഹുസൈൻ(റ) സ്വർഗവാസികളുടെ നേതാവ്

യസീദ് ഒരു മലിനമായ പ്രകൃതക്കാരനും, ഭൗതികതയിൽ മുഴുകിയവനും, ക്രൂരനുമായിരുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഒരു വ്യക്തിയെ മുഅ്മിൻ (വിശ്വാസി) എന്ന് വിളിക്കുന്നതിനുള്ള അർത്ഥതലങ്ങൾ അവനിൽ ഒട്ടും തന്നെ ഉണ്ടായിരുന്നില്ല. മുഅ്മിൻ ആകുക എന്നത് എളുപ്പമുള്ള കാര്യമല്ല. അല്ലാഹു അങ്ങനെയുള്ളവരെക്കുറിച്ച് ഇപ്രകാരം പറയുന്നു:

قَالَتِ الۡاَعۡرَابُ اٰمَنَّا ؕ قُلۡ لَّمۡ تُؤۡمِنُوۡا وَلٰکِنۡ قُوۡلُوۡۤا اَسۡلَمۡنَا (الحجرات: 15)۔


(ഗ്രാമീണരായ ആളുകൾ പറയുന്നു: ഞങ്ങൾ വിശ്വസിച്ചു. നീ പറയുക: നിങ്ങൾ വിശ്വസിച്ചിട്ടില്ല; മറിച്ച് ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചു എന്ന് പറയുക).

മുഅ്മിൻ അഥവാ വിശ്വാസികൾ എന്ന് പറയുന്നത്... അവരുടെ ഹൃദയങ്ങളിൽ ഈമാൻ ആലേഖനം ചെയ്യപ്പെട്ടവരും, തങ്ങളുടെ റബ്ബിനെയും അവന്റെ പ്രീതിയെയും മറ്റെന്തിനേക്കാളും മുൻഗണന നൽകുന്നവരുമാണ്. അവർ അല്ലാഹുവിനുവേണ്ടി തഖ്‌വയുടെ നേർത്തതും ഇടുങ്ങിയതുമായ വഴികൾ സ്വീകരിക്കുകയും അവന്റെ പ്രേമത്തിൽ ലയിച്ചുചേരുകയും ചെയ്യുന്നു. അല്ലാഹുവിൽ നിന്ന് തടയുന്ന വിഗ്രഹതുല്യമായ ഏതൊരു കാര്യത്തിൽ നിന്നു അത് ധാർമ്മികമായ

ശേഷം പേജ് 9ൽ

### തഫ്സീർ:

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



## ദൈവിക പ്രതികാരം

കർബല സംഭവത്തിന് ശേഷം അല്ലാഹു ഇമാം ഹുസൈൻ(റ)വിന്റെ കൊലയാളികളെ പിടികൂടുകയും അവർക്ക് മാതൃകാപരമായ ശിക്ഷകൾ നൽകുകയും ചെയ്തുവെന്ന് ചരിത്ര സംഭവങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ ദൈവികമായ പ്രതികാരത്തിന്റെ ഒരു രീതി ഇതാണ്: അക്രമിയുടെ പിൻഗാമികൾ തങ്ങളുടെ പിതാമഹന്മാരുടെ അക്രമങ്ങളെയും തെറ്റുകളെയും കുറിച്ച് കുറ്റസമ്മതം നടത്തുകയും അവരുടെ പിന്തുടർച്ചാവകാശത്തെ നിഷേധിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) തന്റെ 'ഖിലാഫത്തെ റാശിദ' എന്ന പുസ്തകത്തിൽ യസീദിന്റെ മരണശേഷം നടന്ന ഇത്തരമൊരു സംഭവത്തെക്കുറിച്ച് ഇങ്ങനെ എഴുതുന്നു:

യസീദ് മരണപ്പെട്ടതിന് ശേഷം, തന്റെ പിതാമഹന്റെ പേര് തന്നെ നൽകപ്പെട്ട മകൻ മുആവിയ സിംഹാസനസ്ഥനായി. ജനങ്ങളിൽ നിന്ന് ബൈഅത്ത് (പ്രതിജ്ഞ) സ്വീകരിച്ച ശേഷം അദ്ദേഹം വീട്ടിലേക്ക് മടങ്ങി, 40 ദിവസത്തേക്ക് പുറത്തിറങ്ങിയില്ല. പിന്നീട് ഒരു ദിവസം അദ്ദേഹം പുറത്തുവരികയും മിമ്പറിൽ കയറി ജനങ്ങളോട് ഇപ്രകാരം പറയുകയും ചെയ്തു: 'ഞാൻ നിങ്ങളിൽ നിന്ന് ബൈഅത്ത് സ്വീകരിച്ചത്, ബൈഅത്ത് സ്വീകരിക്കാൻ ഞാൻ അർഹനാണെന്ന് കരുതുന്നത് കൊണ്ടല്ല. മറിച്ച്, നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകരുത് എന്ന് ആഗ്രഹിച്ചത് കൊണ്ടാണ്. അന്ന് മുതൽ ഇന്നുവരെ ഞാൻ വീട്ടിലിരുന്ന് ചിന്തിക്കുകയായിരുന്നു: നിങ്ങളിൽ ആരെങ്കിലും ഈ നേതൃത്വത്തിന് യോഗ്യനാണെങ്കിൽ, ഞാൻ ഈ അധികാരം അവർക്ക് ഏൽപ്പിച്ച് കൊടുക്കുകയും ഞാൻ ഉത്തരവാദിത്തത്തിൽ നിന്ന് മുക്തനാകുകയും ചെയ്യുമെന്ന്. എന്നാൽ ഏറെ ചിന്തിച്ചിട്ടും നിങ്ങളിൽ അങ്ങനെയുള്ള ഒരാളെയും എനിക്ക് കാണാൻ കഴിഞ്ഞില്ല. അതിനാൽ ജനങ്ങളേ, നന്നായി കേട്ടുകൊള്ളുക, ഞാൻ ഈ സ്ഥാനത്തിന് യോഗ്യനല്ല. എന്റെ പിതാവും പിതാമഹനും ഈ സ്ഥാനത്തിന് യോഗ്യരല്ല എന്ന് കൂടി ഞാൻ പറയട്ടെ. എന്റെ പിതാവ് ഹുസൈൻ(റ)വിനേക്കാൾ പദവിയിൽ വളരെ താഴെയാണ്. അദ്ദേഹത്തിന്റെ പിതാവ്, ഹസൻഹുസൈൻ(റ)മാരുടെ പിതാവിനേക്കാൾ താഴ്ന്ന പദവിയിലായിരുന്നു. അലി(റ)തന്റെ കാലത്ത് ഖിലാഫത്തിന് ഏറ്റവും അർഹനായിരുന്നു. അദ്ദേഹത്തിന് ശേഷം എന്റെ പിതാമഹനേക്കാളും പിതാവിനേക്കാളും ഖിലാഫത്തിന് അർഹരായവർ ഹസനും ഹുസൈനും ആയിരുന്നു. അതിനാൽ ഞാൻ ഈ അധികാരത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നു'.

*(ഖിലാഫത്തെ റാശിദ, അൻവാറുൽ ഉലൂം, വാല്യം 15, പേജ് 557,558).*

ഒരിക്കൽ ഒരു ശിയാ സുഹൃത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ സന്ദർശിക്കാനെത്തി. അദ്ദേഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറഞ്ഞു: 'നിങ്ങൾ ശിയാ മതവിഭാഗത്തിൽ പെട്ടയാളാണ്.

ശേഷം പേജ് 9 ൽ

### അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്‌മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**ചോദ്യോത്തരം :**

# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് V (അയ്യദഹുല്ലാഹു തആല) വിവിധ വിഷയങ്ങളെ സംബന്ധിച്ച് നൽകിയ മറുപടികൾ

**ചോദ്യം: മിസ്റിലെ അസീസ് രാജാവിന്റെ ഭാര്യ എന്തിനാണ് സ്ത്രീകൾക്ക് കത്തിയെടുത്ത് കൊടുത്തത്?**

യു.കെയിൽ നിന്നുള്ള ഒരു സ്ത്രീ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് V (അയ്യദഹുല്ലാഹു തആല) അയച്ച കത്തിൽ ചോദിക്കുന്നു:

സൂറ: യൂസുഫിൽ, ഹദ്റത്ത് യൂസുഫ്(അ)യുടെ യജമാനന്റെ ഭാര്യ സ്ത്രീകൾക്ക് കത്തിയെടുത്ത് കൊടുത്തു എന്ന് പരാമർശമുണ്ട്. എന്നാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) തന്റെ വ്യാഖ്യാനക്കുറിപ്പിൽ, ആ സ്ത്രീകൾ ഹദ്റത്ത് യൂസഫിനെ തങ്ങളുടെ കൈകൾക്ക് അപ്രാപ്യനായി കണ്ടതുകൊണ്ട് കൈകൾ മുറിച്ചില്ല എന്ന് എഴുതിയിട്ടുണ്ട്. അങ്ങനെയെങ്കിൽ മിസ്റിലെ അസീസ് രാജാവിന്റെ ഭാര്യ എന്തിനാണ് ആ സ്ത്രീകൾക്ക് കത്തിയെടുത്ത് കൊടുത്തത്?

ഇതിന് മറുപടി നൽകിക്കൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് V (അയ്യദഹുല്ലാഹു തആല) എഴുതുന്നു:

അസീസ്, മിസ്റിലെ ഭരണാധികാരികളിൽ ഒരാളായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ വീട്ടിൽ നടന്ന സൽക്കാരം സാധാരണമായ ഒന്നായിരുന്നില്ല, വളരെ ആഡംബരപൂർണ്ണമായ സൽക്കാരം തന്നെയായിരുന്നു അത്. അതിനാൽ ആ കാലഘട്ടത്തിന് അനുസരിച്ചുള്ള മികച്ച ഭക്ഷണ ക്രമീകരണങ്ങൾ അവിടെ ഉണ്ടായിരുന്നു. ഭക്ഷണത്തിന് വേണ്ടിയോ അല്ലെങ്കിൽ പഴങ്ങൾ മുറിക്കുന്നതിനായി അതിഥികൾക്ക് മുന്നിൽ കത്തികളും ഫോർക്കുകളും വെച്ചിട്ടുണ്ടാകും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ (റ) ഈ ആയത്തിനെ വ്യാഖ്യാനിച്ചുകൊണ്ട് **സിക്കീൻ** (കത്തി) എന്ന വാക്കിന്, **പഴങ്ങൾ മുറിക്കാൻ ഉപയോഗിക്കുന്ന കത്തി** എന്ന് അർത്ഥം നൽകുന്നു (ഹഖായിഖുൽ ഫുർഖാൻ, വാല്യം 2, പേജ് 392).

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) :** കത്തികൾ വെച്ചതിന്റെ കാരണം വിവരിച്ചുകൊണ്ട് പറയുന്നു: 'അവൾ അവരെ ഭക്ഷണത്തിനോ ലഘുഭക്ഷണത്തിനോ വേണ്ടി ക്ഷണിച്ചു. മേശകൾ ഒരുക്കി. ഓരോരുത്തർക്കും മുന്നിൽ ഓരോ കത്തി വെച്ചു നൽകി. (ഇതിൽ നിന്ന് മനസ്സിലാകുന്നത് പഴയ കാലം മുതലേ ഭക്ഷണത്തിന് കത്തികൾ ഉപയോഗിച്ചിരുന്നു എന്നാണ്. ഇന്നത്തെപ്പോലെ തന്നെ അന്നും ഭക്ഷണം വിളമ്പുന്നതിന് മുൻപേ കത്തികൾ വെക്കുന്ന രീതി ഉണ്ടായിരുന്നു)' *(തഫ്സീർ കബീർ, വാല്യം 3, പേജ് 307, ഖാദിയാൻ 2004 പതിപ്പ്).*

അതുകൊണ്ട്, അസീസ് രാജാവിന്റെ ഭാര്യ തന്റെ സ്ഥാനത്തിന് അനുസരിച്ചുള്ള മികച്ച സൽക്കാരം ഒരുക്കുകയും, അതിൽ പഴങ്ങളും മറ്റും മുറിക്കുന്നതിനായി കത്തികൾ വെക്കുകയും ചെയ്തു.

**'അവർ തങ്ങളുടെ കൈകൾ മുറിച്ചു'** എന്ന ആയത്തിലെ വാചകത്തെക്കുറിച്ച് പറയുകയാണെങ്കിൽ, ഇതിന് രണ്ട് തരത്തിലുള്ള വ്യാഖ്യാനങ്ങളും നമ്മുടെ സാഹിത്യങ്ങളിൽ ലഭ്യമാണ്. കൈകൾ മുറിച്ചു എന്നതിന്, ഹദ്റത്ത് യൂസഫിനെ (അ) കണ്ടപ്പോൾ അദ്ദേഹത്തിന്റെ നന്മയും പരിശുദ്ധിയും കാരണം അവർ അന്ധാളിച്ച് പോവുകയും, ആ അത്ഭുതം കാരണം കൈവിരലുകൾ കടിച്ചുപിടിച്ചു എന്നുമാണ്. അദ്ദേഹത്തിന്റെ നന്മയും പരിശുദ്ധിയും കാരണം, തങ്ങളുടെ ദുഷിച്ച ഉദ്ദേശ്യങ്ങൾക്ക് അദ്ദേഹം അപ്രാപ്യനാണെന്ന് അവർക്ക് മനസ്സിലായി. അതുപോലെ, ഹദ്റത്ത് യൂസഫിന്റെ (അ) സൗന്ദര്യം കണ്ട് അത്ഭുതപ്പെട്ടതുകൊണ്ട് പഴങ്ങൾ മുറിക്കുന്നതിന് പകരം അവർ കൈകൾ മുറിച്ചു എന്നതും ശരിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) എഴുതുന്നു: സുലൈഖയുടെ കൂട്ടുകാരികൾ അന്ധാളിച്ച് പോയതിന്റെ ഫലമായാണ് അവരുടെ വിരലുകൾ മുറിക്കപ്പെട്ടത്'

*(മക്തൂബാത്ത് അഹ്മദ്, വാല്യം 1, പേജ് 594, പുതിയ പതിപ്പ്).*

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ (റ)പറയുന്നു: ഖത്തഅ്ന ഐദിയഹുന്ന** എന്നത് ഒരു ശൈലിയാണ്. അതിനർത്ഥം അത്ഭുതം പ്രകടിപ്പിച്ചു എന്നാണ്. അത്ഭുതം കൊണ്ട് അവർ കൈകൾ കടിച്ചുവെന്ന് ചിലർ ഇതിന് അർത്ഥം നൽകുന്നത് സൗന്ദര്യത്തിൽ മയങ്ങി പഴങ്ങൾ മുറിക്കുന്നതിന് പകരം അവർ കൈകൾ മുറിച്ചു എന്നാണ്. *(അൽബദ്ർ ഖാദിയാൻ, നമ്പർ 10, വാല്യം 9, 1909 ഡിസംബർ 30, പേജ് 130).*

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)** തഫ്സീർ സഗീറിൽ ഈ ആയത്തിന് നൽകിയ വിവർത്തനം ഇതാണ്: 'അവർ അദ്ദേഹത്തെ വലിയ മഹത്വമുള്ള മനുഷ്യനായി കണ്ടു. (അദ്ദേഹത്തെ കണ്ട് അത്ഭുതപ്പെട്ട്) അവർ തങ്ങളുടെ കൈകൾ മുറിച്ചു, അതായത് വിരലുകൾ പല്ലുകൾ കൊണ്ട് കടിച്ചു. അവർ പറഞ്ഞു: ഇദ്ദേഹം അല്ലാഹുവിന്റെ പ്രതികാരം ഭയക്കുന്നവനാണ്. ഇദ്ദേഹം മനുഷ്യനല്ല, മറിച്ച് മാന്യനായ ഒരു മാലാഖയാണ്' (തഫ്സീർ സഗീർ, പേജ് 293, അടിക്കുറിപ്പ്).

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)** തഫ്സീർ കബീറിൽ ഈ ആയത്തിനെ വ്യാഖ്യാനിച്ചു കൊണ്ട് പറയുന്നു: 'അവർ കൈകൾ മുറിച്ചു എന്ന് പറഞ്ഞതിന് രണ്ട് അർത്ഥങ്ങളാകാം. ഒന്ന്, അദ്ദേഹത്തിന്റെ ലാളിത്യവും മാന്യതയും കണ്ട് അവർ അത്രത്തോളം മയങ്ങിപ്പോയി, ചിലരുടെ കൈകളിൽ കത്തി കൊണ്ട് മുറിവേറ്റു. മറ്റൊന്ന്, അത്ഭുതം കൊണ്ട് അവർ വിരലുകൾ പല്ലുകൊണ്ട് കടിച്ചു എന്നാണ്. അറബി ഭാഷയിൽ ***'ഗള്ളുൽ അനാമിൽ'*** (വിരലുകൾ പല്ലുകൊണ്ട് കടിക്കുക) എന്നത് അത്ഭുതത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പ്രയോഗമാണ്...

ജൂതന്മാരുടെ ഹദീസ് ഗ്രന്ഥമായ തൽമൂദിൽ, അസീസ് രാജാവിന്റെ ഭാര്യ ആ സ്ത്രീകൾക്ക് മുന്നിൽ ഓറഞ്ച് വെച്ചുകൊടുക്കുകയും അവ മുറിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു, എന്നാൽ അവർ അദ്ദേഹത്തെ നോക്കി നിന്നതുകൊണ്ട് അശ്രദ്ധമായി കൈകൾ മുറിഞ്ഞു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്' *(തഫ്സീർ കബീർ, വാല്യം 3, പേജ് 307, ഖാദിയാൻ 2004 പതിപ്പ്).*

ചുരുക്കത്തിൽ, ഭകൈകൾ മുറിച്ചുഭ എന്ന വചനത്തിന് നൽകിയിട്ടുള്ള രണ്ട് വ്യാഖ്യാനങ്ങളും ശരിയാണ്, അവ അവയുടെ ശൈലികൾക്കും സന്ദർഭങ്ങൾക്കും അനുസരിച്ചുള്ള വ്യത്യസ്ത അർത്ഥങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

**റൂഹാനി ഖസാഇൻ**

ചോദ്യം: കാനഡയിൽ നിന്നുള്ള ഒരു സുഹൃത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് V (അയ്യദഹുല്ലാഹു തആല) അയച്ച കത്തിൽ ചോദിക്കുന്നു: ഹദ്റത്ത് മസീഹ് മൗദ്(അ)ന്റെ പുസ്തക സമാഹാരത്തിന് 'റൂഹാനി ഖസാഇൻ' എന്ന് പേര് നൽകിയത് ആരാണ്?

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് V (അയ്യദഹുല്ലാഹു തആല) പറയുന്നു:

ഹദ്റത്ത് മസീഹ് മൗഊദ് (അ) രചിച്ച പുസ്തകങ്ങളുടെ സമാഹാരം ആദ്യമായി പ്രസിദ്ധീകരിക്കാൻ തുടങ്ങിയത് 1957ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വിന്റെ ഖിലാഫത്ത് കാലഘട്ടത്തിലാണ്. ആ സമയത്ത് തന്നെ ഈ സമാഹാരത്തിന് 'റൂഹാനി ഖസാഇൻ' എന്ന് പേര് നൽകുകയും ചെയ്തു. തുടർന്ന് മൂന്നാം ഖിലാഫത്തിന്റെ ആദ്യ വർഷങ്ങളിൽ, 1968ൽ ഇതിന്റെ പ്രസിദ്ധീകരണം പൂർത്തിയായി.

ഈ സമാഹാരത്തിന്റെ പ്രസിദ്ധീകരണം ആരംഭിക്കുന്നതിന് മുൻപും പ്രസിദ്ധീകരണ സമയത്തും വിവിധ ഘട്ടങ്ങളിൽ റബ്വയിൽ നിന്നുള്ള അൽഫദ്ൽ പത്രത്തിൽ ഇതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു,

ശേഷം പേജ് 9 ൽ

# ഖുത്വ്ബ ജുമുഅ

2026 മെയ് 15, 1405 ഹിജ്റത്ത് 15
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# തിരുനബി(സ)യുടെ ജീവിതത്തിലെ വിനയവും എളിമയും : ഹൃദയഹാരിയായ ഒരു ചിത്രണം

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

**ഈ ലോകത്ത് പരിപൂർണ്ണനായ ഒരു മനുഷ്യൻ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യാണെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുകയും പൂർണ്ണമായി അംഗീകരിക്കുകയും ചെയ്യുന്നു. പ്രവാചകൻ(സ)ന് മുമ്പോ ശേഷമോ പരിപൂർണ്ണനായ മറ്റൊരു മനുഷ്യൻ ഉണ്ടായിട്ടില്ല, ഉണ്ടാകുകയുമില്ല. അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിലും, മനുഷ്യരോടുള്ള അവകാശങ്ങൾ പാലിക്കുന്നതിലും, എല്ലാ ഉത്തമ സ്വഭാവങ്ങളും ശ്രേഷ്ഠമായ മാനുഷിക ഗുണങ്ങളും പ്രകടിപ്പിക്കുന്നതിലും ഏറ്റവും ഉയർന്ന നിലവാരം തിരുനബി(സ)യുടെ വ്യക്തിത്വത്തിൽ തികച്ചും പൂർണ്ണമായിരുന്നു. ഏത് ഉത്തമ സ്വഭാവത്തെക്കുറിച്ച് ചിന്തിച്ചാലും, അതിന്റെ ഏറ്റവും ഉയർന്ന നിലവാരം അദ്ദേഹത്തിൽ കാണാമായിരുന്നു മറ്റേതൊരു മനുഷ്യനും കൈവരിക്കാത്തതും, ഇപ്പോൾ കൈവശമില്ലാത്തതും, ഭാവിയിൽ കൈവരിക്കാൻ കഴിയാത്തതുമായ ഒരു നിലവാരമാണത്.**

ഈ ഉത്തമ സ്വഭാവങ്ങളിൽപ്പെട്ടതാണ് വിനയവും എളിമയും. ഇതിന്റെ ഏറ്റവും പരിപൂർണ്ണമായ മാതൃക തിരുനബി(സ)യിൽ കാണാമായിരുന്നു. വിനയം എന്ന ഗുണം ഒരു വിശ്വാസി തന്റെ ജീവിതത്തിന്റെ ഭാഗമാക്കാൻ എപ്പോഴും പരിശ്രമിക്കണമെന്ന് പ്രവാചകൻ(സ) തന്റെ അനുയായികളെ നിരന്തരം ഉപദേശിക്കുകയും ചെയ്തിരുന്നു.

തിരുനബി(സ)യുടെ ഈ ഉന്നതമായ സ്വഭാവത്തെക്കുറിച്ച് വിശുദ്ധ ഖുർആനിൽ ഇപ്രകാരം പ്രഖ്യാപിക്കാൻ അല്ലാഹു കൽപ്പിച്ചു:

قُلْ اِنَّمَآ اَنَا بَشَرٌ مِّثْلُكُمْ

പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു.

*(സൂറത്തുൽ കഹ്ഫ്: 111)*

അവസാനത്തേതും പരിപൂർണ്ണവുമായ ശരീഅത്ത് കൊണ്ടുവന്ന പ്രവാചക പദവി അല്ലാഹു പ്രവാചകൻ(സ)ന് നൽകിയിട്ടുണ്ടെങ്കിലും, **ഞാൻ മനുഷ്യനാണ്, വിനയാന്വിതനായ ഒരു മനുഷ്യനാണ്** എന്ന് പ്രഖ്യാപിക്കാനാണ് അല്ലാഹു അദ്ദേഹത്തോട് നിർദ്ദേശിച്ചത്. തിരുനബി(സ)യുടെ ഈ ഉത്തമ സ്വഭാവം പല അവസരങ്ങളിലും പ്രകടമായ വിവിധ ഹദീസുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളും ഞാൻ ഇന്ന് കേൾപ്പിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: **നമ്മുടെ നബി കരീം(സ)യെക്കാൾ ഉത്തമനായ ഒരു പരിപൂർണ്ണ മനുഷ്യന്റെ മാതൃക ലോകത്ത് നിലവിലില്ല, ഇനി ഖിയാമത്ത് നാൾ വരെ ഉണ്ടാവുകയുമില്ല.** പിന്നെ നോക്കൂ, അധികാരികമായ ദൃഷ്ടാന്തങ്ങൾ ലഭിച്ചിട്ടും അല്ലാഹുവിനോടുള്ള ദാസ്യത്വം മാത്രമായിരുന്നു തിരുനബി(സ)യുടെ കൂടെ എപ്പോഴും ഉണ്ടായിരുന്നത്.

തിരുനബി(സ) വിനയാന്വിതനായ ഒരു മനുഷ്യനായി ജീവിച്ചു. തിരുനബി(സ) എളിമയുള്ള ഒരു ദാസനായി ജീവിച്ചു. അവിടുന്ന് ആവർത്തിച്ച് **ഇന്നമാ അന ബശരും മിസ്‌ലുക്കും** (ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു) എന്ന് പറഞ്ഞുകൊണ്ടിരുന്നു. അവസാനം തൗഹീദിന്റെ കലിമയിൽ സ്വന്തം ദാസ്യത്വത്തെ അംഗീകരിക്കുന്നത് ഒരു അവിഭാജ്യ ഘടകമാക്കി മാറ്റി; അത് കൂടാതെ ഒരു മുസ്‌ലിമിന് മുസ്‌ലിമായിരിക്കാൻ കഴിയില്ല. ചിന്തിക്കൂ! വീണ്ടും ചിന്തിക്കൂ!! അതിനാൽ, **ഏറ്റവും ഉന്നതമായ സാമീപ്യം ലഭിച്ചിട്ടും ദാസ്യത്വം അംഗീകരിക്കുന്നതിൽ നിന്ന് വിട്ടുനിന്നില്ല എന്ന പാഠമാണ് ഉത്തമനായ മാർഗ്ഗദർശിയുടെ ജീവിതശൈലി നമുക്ക് നൽകുന്നത്.** അങ്ങനെയുള്ളപ്പോൾ മറ്റുള്ളവർ അഹങ്കരിക്കുന്നതും അത്തരം കാര്യങ്ങൾ മനസ്സിൽ കൊണ്ടുനടക്കുന്നതും തികച്ചും അർത്ഥശൂന്യവും നിരർത്ഥകവുമാണ്.

*(റിപ്പോർട്ട് ജൽസ സാലാന 1897, പേജ് 140)*

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: **വെറും വീമ്പു പറച്ചിലുകളിൽ നിന്നും അകാരണമായ അഹങ്കാരത്തിൽ നിന്നും വലിയ ഭാവങ്ങളിൽ നിന്നും വിട്ടുനിൽക്കണം.** എളിമയും വിനയവുമാണ് കൈക്കൊള്ളേണ്ടത്. നോക്കൂ! വാസ്തവത്തിൽ ഏറ്റവും വലിയവരും മഹത്വത്തിന് അർഹരുമായിരുന്ന തിരുനബി(സ)യുടെ എളിമയുടെയും വിനയത്തിന്റെയും ഒരു മാതൃക വിശുദ്ധ ഖുർആനിലുണ്ട്.

ഒരു അന്ധൻ തിരുനബി(സ)യുടെ അടുക്കൽ വന്ന് വിശുദ്ധ ഖുർആൻ പാരായണം ചെയ്യാറുണ്ടായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ദിവസം തിരുനബി(സ)യുടെ അടുത്ത് മക്കയിലെ പ്രമുഖരും നഗരത്തിലെ തലവന്മാരും ഒത്തുകൂടിയിരുന്നു. അവരുമായി സംസാരിക്കുന്നതിനിടയിൽ തിരക്കായതുകൊണ്ട് അല്പം വൈകിയപ്പോൾ ആ അന്ധൻ എഴുന്നേറ്റ് പോയി. ഇതൊരു സാധാരണ കാര്യമായിരുന്നു. എന്നാൽ ഇതിനെക്കുറിച്ച് അല്ലാഹു ഒരു സൂറത്ത് തന്നെ ഇറക്കി. അതിനുശേഷം തിരുനബി(സ) അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന്, അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരികയും, സ്വന്തം വിരിപ്പ് വിരിച്ച് അദ്ദേഹത്തെ അതിൽ ഇരുത്തുകയും ചെയ്തു.

യഥാർത്ഥ്യമെന്തെന്നാൽ **അല്ലാഹുവിന്റെ മഹത്വം ഹൃദയങ്ങളിൽ ഉള്ളവർ തീർച്ചയായും വിനയാന്വിതരും എളിമയുള്ളവരുമായി മാറുന്നു. കാരണം, അല്ലാഹുവിന്റെ അപ്രമാദിത്വത്തെക്കുറിച്ച് അവർ എപ്പോഴും ഭയഭക്തിയോടും വിറയലോടും കൂടിയാണ് കഴിയുന്നത്.**

*(മൽഫൂസാത്ത്, വാല്യം 10, പേജ് 298, 2022 പതിപ്പ്)*

വിശുദ്ധ ഖുർആനിൽ പരാമർശിച്ചിട്ടുള്ളതോ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചതോ ആയ ഒരു ഒറ്റപ്പെട്ട സംഭവമല്ല ഇത്, മറിച്ച് നമുക്ക് നൽകപ്പെട്ട ഒരു പാഠമാണ്. തിരുനബി(സ) നിങ്ങൾക്ക് ഉത്തമമായ മാതൃകയാണ്. **തിരുനബി(സ)യെ സ്നേഹിക്കുന്നുവെന്ന് അവകാശപ്പെടുന്നുണ്ടെങ്കിൽ, വിനയത്തിന്റെയും എളിമയുടെയും ഉന്നതമായ നിലവാരം കൈവരിക്കാൻ നിങ്ങളും പരിശ്രമിക്കണം.**

ഒരു വിശ്വാസി വിനയത്തിന്റെ യാഥാർത്ഥ്യത്തെയും അതനുസരിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെയും കുറിച്ച് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് തിരുനബി(സ) ഒരു സന്ദർഭത്തിൽ പറഞ്ഞത് ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) റിപ്പോർട്ട് ചെയ്യുന്നു: ഓരോ മനുഷ്യന്റെയും തലയ്ക്കൊപ്പം രണ്ട് ചങ്ങലകൾ ബന്ധിക്കപ്പെട്ടിട്ടുണ്ട്. ഒന്ന് ആകാശത്തേക്കും മറ്റൊന്ന് ഭൂമിയിലേക്കും. ഒരു ദാസൻ വിനയവും താഴ്മയും കൈക്കൊള്ളുമ്പോൾ, ആകാശത്തേക്കുള്ള ചങ്ങല പിടിച്ചിരിക്കുന്ന മലക്ക് അവനെ മുകളിലേക്ക് ഉയർത്തുന്നു. **വിനയം കൊണ്ട് ഒരു മനുഷ്യൻ താഴേക്ക് കുനിയുമ്പോൾ അല്ലാഹു അവന് ഉയർന്ന പദവി നൽകുന്നു. എന്നാൽ അവൻ അഹങ്കരിക്കുകയും ധിക്കാരം കാണിക്കുകയും ചെയ്യുമ്പോൾ ഭൂമിയിലേക്കുള്ള ചങ്ങല അവനെ താഴേക്ക് വലിക്കുന്നു.**

*(അൽ ജാമിഉ ലിശുഅബിൽ ഈമാൻ ലിൽ ബൈഹഖി, വാല്യം 10, പേജ് 456, ഹദീസ്: 7791, മക്തബത്തു റുഷ്ദ്)*

അഹങ്കരിക്കുന്നവന്റെ ഒരു കർമ്മവും സ്വീകാര്യമല്ല. അല്ലാഹുവിന്റെ ദൃഷ്ടിയിൽ അവൻ അധഃപതിച്ചവനാണ്, ഭൂമിയിൽ വീണുപോയവനാണ്. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)വിൽ നിന്ന് തന്നെ മറ്റൊരു റിപ്പോർട്ടിലുണ്ട്: ഒരു ദാസൻ വിനയം കൈക്കൊള്ളുമ്പോൾ അല്ലാഹു അവനെ ഏഴാം ആകാശം വരെ ഉയർത്തുന്നു.

*(കൻസുൽ ഉമ്മാൽ, വാല്യം 2, ഭാഗം 3, പേജ് 49, ഹദീസ്: 5717, ദാറുൽ കുതുബിൽ ഇൽമിയ്യ 2004)*

അതുകൊണ്ട്, **അല്ലാഹുവിന്റെ സാമീപ്യം നേടാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ വിനയം അതിന് വളരെ പ്രധാനപ്പെട്ട ഒന്നാണ്.** ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു, തിരുനബി(സ) പറഞ്ഞു: സ്വദഖ (ധർമ്മം) കൊണ്ട് സമ്പത്തിൽ കുറവുണ്ടാകുന്നില്ല. ഒരാൾ വിട്ടുവീഴ്ച ചെയ്യുന്നതുകൊണ്ട് അല്ലാഹു അയാളുടെ ആദരവ് വർദ്ധിപ്പിക്കുകയല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. അതായത്, വിട്ടുവീഴ്ച കാരണം ആദരവ് വർദ്ധിക്കുന്നു. അല്ലാഹുവിന് വേണ്ടി വിനയം കൈക്കൊള്ളുന്നവനെ അല്ലാഹു ഉയർത്തുകയല്ലാതെ ചെയ്യുന്നില്ല.

*(ജാമിഉത്തിർമിദി, അബ്വാബുൽ ബിർരി വസ്വില, ബാബു മാ ജാഅ ഫിൽ തവാളുഅ്, ഹദീസ്: 2029)*

അതുകൊണ്ട്, ഒരു വിശ്വാസിക്ക് വേണ്ട അടിസ്ഥാന കാര്യങ്ങളാണിവ. പറയുന്നു: സ്വദഖയും സാമ്പത്തിക ത്യാഗവും കൊണ്ട് സമ്പത്ത് കുറയുകയല്ല, മറിച്ച് വർദ്ധിക്കുകയാണ് ചെയ്യുന്നത്. അതിനാൽ, സാമ്പത്തിക ത്യാഗം

കൊണ്ട് നിങ്ങളുടെ സമ്പത്തിൽ കുറവു ണ്ടാകുമെന്ന ധാരണ മനസ്സിൽ നിന്ന് നീക്കിക്കളയുക. **മാപ്പ് നൽകുന്നതും വിട്ടുവീഴ്ച ചെയ്യുന്നതും കൊണ്ട് ആദരവിൽ കുറവുണ്ടാകുന്നില്ല, മറിച്ച് ആദരവ് വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഈ യാഥാർത്ഥ്യം ആളുകൾ തിരിച്ചറിയുകയാണെങ്കിൽ, സമൂഹത്തിലെ കലഹങ്ങൾ, അതായത് ലൗകികമായ സാമൂഹിക പ്രശ്നങ്ങളിൽ ഭൂരിഭാഗവും പരിഹരിക്കപ്പെടും.** തുടർന്ന് അവിടുന്ന് പറയുന്നു: വിനയം കൈക്കൊള്ളുന്നതുകൊണ്ട് അല്ലാഹു ഉയർച്ച നൽകുന്നു. **എത്രത്തോളം വിനയാന്വിതരാകുന്നുവോ അത്രത്തോളം വലിയ പദവി അല്ലാഹു നിങ്ങൾക്ക് നൽകും.**

**തിരുനബി(സ)ക്ക് സ്വന്തം കാര്യത്തിൽ വിനയത്തിന്റെ നിലവാരം എത്രയായിരുന്നു?**

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിൽ നിന്ന് നിവേദനം: ഒരിക്കൽ ഒരാൾ തിരുനബി(സ)യെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ഓ മുഹമ്മദ്(സ)! ഞങ്ങളുടെ നേതാവിന്റെ പുത്രനായ നേതാവേ! ഞങ്ങളിലെ ഉത്തമന്റെ പുത്രനായ ഉത്തമനേ! ഇതിന് മറുപടിയായി തിരുനബി(സ) പറഞ്ഞു: ജനങ്ങളേ! തഖ്‌വ അഥവാ ഭയഭക്തി നിങ്ങൾ സ്വയം നിർബന്ധമാക്കുക. പിശാച് നിങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ. ഞാൻ മുഹമ്മദ് ബിൻ അബ്ദുല്ലയാണ്. അല്ലാഹുവിന്റെ ദാസനും അവന്റെ പ്രവാചകനും. **അല്ലാഹുവാണെ സത്യം! അല്ലാഹു എനിക്ക് നൽകിയ പദവിയേക്കാൾ ഉയർത്തി എന്നെ നിങ്ങൾ പ്രകീർത്തിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 4, പേജ് 394, മുസ്നദു അനസ് ബിൻ മാലിക്, ഹദീസ്: 12579, ആലം അൽ കുതുബ്, ബൈറൂത്ത്)*

അതുകൊണ്ട്, തിരുനബി(സ)യെക്കൊണ്ട് അല്ലാഹു പ്രഖ്യാപിക്കാൻ പറഞ്ഞ കാര്യം സ്വന്തം ജീവിതമാതൃകയിലൂടെയും അവിടുന്ന് തെളിയിച്ചു കാണിച്ചു.

തിരുനബി(സ)യുടെ അങ്ങേയറ്റത്തെ വിനയത്തിന്റെ മറ്റൊരു മാതൃക ഹദീസിൽ കാണാം. ഹദ്റത്ത് അബൂ ഹുറയ്റ(റ) പറയുന്നു: തിരുനബി(സ) പറയുന്നത് ഞാൻ കേട്ടു: ആരെയും അവരുടെ കർമ്മങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയില്ല. സ്വഹാബികൾ(റ) ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അവിടുത്തെ കാര്യവും അങ്ങനെയാണോ? തിരുനബി(സ) പറഞ്ഞു: അതെ, എന്റെ കാര്യവും അങ്ങനെ തന്നെ! അല്ലാഹു അവന്റെ ഔദാര്യവും കാരുണ്യവും കൊണ്ട് എന്നെ പൊതിഞ്ഞാലല്ലാതെ (എന്റെ കർമ്മം കൊണ്ട് മാത്രം എനിക്ക് സ്വർഗ്ഗം ലഭിക്കില്ല). അതിനാൽ, **നിങ്ങൾ എന്ത് കർമ്മം ചെയ്യുമ്പോഴും അത് ഏറ്റവും ഭംഗിയായി ചെയ്യുക, അല്ലാഹുവിന്റെ സാമീപ്യം ലഭിക്കാൻ വേണ്ടി അത് നിർവ്വഹിക്കുക. നിങ്ങളാരും മരണം ആഗ്രഹിക്കരുത്. ഒരാൾ നല്ലവനാണെങ്കിൽ നന്മയിൽ കൂടുതൽ പുരോഗതി പ്രാപിച്ചേക്കാം, അതല്ല തിന്മ ചെയ്യുന്നവനാണെങ്കിൽ തൗബ ചെയ്ത് അല്ലാഹുവിന്റെ അപ്രീതി ദൂരീകരിച്ചേക്കാം.**

*(സ്വഹീഹുൽ ബുഖാരി, കിതാബുൽ മർളാ, ബാബു തമന്നിൽ മരീളിൽ മൗത്ത്, ഹദീസ്: 5673)*

പിന്നെ മറ്റൊരു റിപ്പോർട്ടിൽ കാണാം: ഹദ്റത്ത് അബൂ സഈദ് ഖുദ്‌രി(റ) വിവരിക്കുന്നു പാവപ്പെട്ടവരെ സ്നേഹിക്കുക. കാരണം, തിരുനബി(സ) തന്റെ പ്രാർത്ഥനയിൽ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്:

اَللّٰهُمَّ اَحْيِنِيْ مِسْكِيْنًا وَّ اَمِتْنِيْ مِسْكِيْنًا
وَاحْشُرْنِيْ فِيْ زُمْرَةِ الْمَسَاكِيْنَ

അതായത്, അല്ലാഹുവേ, എന്നെ ഒരു പാവപ്പെട്ടവനായി ജീവിപ്പിക്കേണമേ, പാവപ്പെട്ടവനായി മരിപ്പിക്കേണമേ, പാവപ്പെട്ടവരുടെ ഗണത്തിൽ എന്നെ ഉയർത്തെഴുന്നേൽപ്പിക്കേണമേ.

*(സുനനു ഇബ്നു മാജ, കിതാബുസ്സുഹ്ദ്, ബാബു മജാലിസത്തിൽ ഫുഖറാ, ഹദീസ്: 4126)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂ ഔഫാ(റ) വിവരിക്കുന്നു: തിരുനബി(സ) ധാരാളമായി അല്ലാഹുവിനെ സ്മരിക്കുമായിരുന്നു, നിരർത്ഥകമായ കാര്യങ്ങളിൽ ഏർപ്പെടുമായിരുന്നില്ല. അതായത്, അല്ലാഹുവിനെ ധാരാളമായി സ്മരിക്കുമായിരുന്നു. നമസ്കാരം ദീർഘിപ്പിക്കുകയും ഖുതുബ സംക്ഷിപ്തമാക്കുകയും ചെയ്തിരുന്നു. വിധവകൾക്കും പാവപ്പെട്ടവർക്കും ഒപ്പം നടന്ന് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ അവിടുന്ന് മടി കാണിച്ചിരുന്നില്ല.

*(സുനനു നസാഇ, കിതാബുൽ ജുമുഅ ബാബു മാ യുസ്തഹബ്ബു മിൻ തഖ്സീരിൽ ഖുതുബ, ഹദീസ്: 1415)*

വിനയത്തിന്റെ അവസ്ഥ ഇതായിരുന്നു. ആരാധനയുടെ നിലവാരം ഏതായാലും ഉന്നതമായിരുന്നു. എന്നാൽ **വിനയം എത്രത്തോളമെന്നാൽ, ഏതെങ്കിലും പാവപ്പെട്ടവന്റെയോ വിധവയുടെയോ കാര്യം കേൾക്കാൻ അവിടുന്ന് ക്ഷമയോടും സഹനത്തോടും കൂടി അവർക്ക് സമയം നൽകുമായിരുന്നു.**

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു: മദീനയിലെ അടിമസ്ത്രീകളിൽ ഒരാൾക്ക് തന്റെ ആവശ്യങ്ങൾ നിറവേറ്റാനായി തിരുനബി(സ)യുടെ കൈ പിടിച്ച് എങ്ങോട്ടാണ് പോകേണ്ടത് എന്ന് വെച്ചാൽ അങ്ങോട്ട് കൊണ്ടുപോകുമായിരുന്നു.

*(സ്വഹീഹുൽ ബുഖാരി, കിതാബുൽ അദബ്, ബാബുൽ കിബ്ർ, ഹദീസ്: 6072)*

ഹദ്റത്ത് അനസ്(റ)വിൽ നിന്ന് നിവേദനം: മാനസികനിലയിൽ അല്പം വ്യത്യാസമുള്ള ഒരു സ്ത്രീ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എനിക്ക് അവിടുത്തോട് ഒരു കാര്യമുണ്ട്.' അപ്പോൾ തിരുനബി(സ) പറഞ്ഞു: 'അല്ലയോ സ്ത്രീയേ! നോക്കൂ, ഏത് തെരുവിലൂടെയാണ് നീ നടക്കാൻ ആഗ്രഹിക്കുന്നത്, അങ്ങോട്ട് നീ നടക്കൂ, നിന്റെ കാര്യങ്ങൾ പൂർത്തിയാകും വരെ ഞാൻ കൂടെ വരാം. അങ്ങനെ തിരുനബി(സ) ആ വഴിയേ പോവുകയും അവൾക്ക് പറയാനുള്ളത് കേൾക്കുകയും അവളുടെ ആവശ്യം നിറവേറ്റിക്കൊടുക്കുകയും ചെയ്തു.

*(സ്വഹീഹു മുസ്‌ലിം, കിതാബുൽ ഫദാഇൽ, ബാബു ഖുർബിന്നബിയ്യി അലൈഹിസ്സലാമു മിന്നസി വതബർറുകിഹി ബിഹി, ഹദീസ്: 4279)*

ഏതായാലും, ഹദ്റത്ത് ഖദീജ(റ)യുടെ പരിചാരികയായിരുന്ന ഉമ്മു സുഫർ(റ) എന്ന സ്ത്രീയെക്കുറിച്ചാണ് ഈ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത്. അവർക്ക് അല്പം ബുദ്ധിമാന്ദ്യമുണ്ടായിരുന്നു. ചിലപ്പോൾ കാര്യങ്ങൾ ശരിയായി ഗ്രഹിക്കാൻ കഴിയാത്തവരുണ്ടാകും. അവർ മാനസികമായി തളർന്നിട്ടൊന്നുമല്ല, എങ്കിലും കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ അല്പം പരിമിതിയുണ്ടായിരുന്നു. എങ്കിലും തിരുനബി(സ) അവരുടെ വികാരങ്ങളെയും പരിഗണിച്ചു.

*(അൽ കൗകബുൽ വഹാജ് ശർഹു സ്വഹീഹി മുസ്‌ലിം, വാല്യം 23, പേജ് 155, മക്തബത്തു ദാറുൽ മിൻഹാജ്)*

മറ്റൊരു നിവേദനത്തിൽ ഇങ്ങനെയുണ്ട്: ഹദ്റത്ത് അദിയ്യ് ബിൻ ഹാതിം(റ) പറയുന്നു: ഞാൻ തിരുനബി(സ)യെ കാണാനായി മദീനയിലേക്ക് പുറപ്പെട്ടു. മസ്ജിദിൽ പ്രവേശിച്ച് തിരുനബി(സ)യെ സന്ദർശിച്ച് സലാം പറഞ്ഞു. തിരുനബി(സ) ചോദിച്ചു: 'നീ ആരാണ്?' ഞാൻ പറഞ്ഞു: 'ഞാൻ അദിയ്യ് ബിൻ ഹാതിം ആണ്.' തിരുനബി(സ) എഴുന്നേറ്റ് എന്നെ തന്റെ വീട്ടിലേക്ക് കൊണ്ടുപോകാൻ ഒരുങ്ങി. വഴിയിൽ ഒരു വൃദ്ധയായ സ്ത്രീ വരികയും തന്റെ ആവശ്യം തിരുനബി(സ)യോട് വളരെ നേരത്തോളം പറയുകയും ചെയ്തു. ആ വൃദ്ധയുടെ ആവശ്യത്തിനായി തിരുനബി(സ) അവിടെത്തന്നെ നിന്നു. അദിയ്യ് ബിൻ ഹാതിം പറയുന്നു: **'ഞാൻ എന്റെ മനസ്സിൽ വിചാരിച്ചു, ഇദ്ദേഹം ഒരു രാജാവല്ല. രാജാക്കന്മാർ പാവപ്പെട്ടവർക്ക് വേണ്ടി ഇതുപോലെ എഴുന്നേറ്റ് നിൽക്കാറില്ല. രാജാക്കന്മാരിൽ ഇങ്ങനെയുള്ള സ്വഭാവം കാണാറില്ല.'** തുടർന്ന് തിരുനബി(സ) എന്നെയും കൂട്ടി തന്റെ വീട്ടിൽ പ്രവേശിച്ച്, ഒരു കട്ടിയുള്ള തലയിണ (മെത്ത) എടുത്ത് എനിക്ക് നേരെ നീട്ടി പറഞ്ഞു: 'ഇതിലിരിക്കൂ.' വീട്ടിൽ ഉണ്ടായിരുന്ന ഒരു കുഷൻ ആ അതിഥിക്ക് നൽകി. ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അവിടുന്ന് ഇതിൽ ഇരുന്നാലും.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'വേണ്ട, താങ്കൾ അതിലിരിക്കൂ.' അവസാനം ഞാൻ അതിലിരിക്കുകയും തിരുനബി(സ) നിലത്ത് ഇരിക്കുകയും ചെയ്തു. ഞാൻ എന്റെ മനസ്സിൽ പറഞ്ഞു: 'ഇത് ഒരിക്കലും ഒരു രാജാവിന്റെ സ്വഭാവമല്ല. ഇത് വളരെ വിനയാന്വിതനായ ഒരു മനുഷ്യന്റെ സ്വഭാവമാണ്.'

*(അസ്സീറത്തുന്നബവിയ്യ ലി ഇബ്നി ഹിശാം, പേജ് 854, ദാറുൽ കുതുബിൽ ഇൽമിയ്യ, 2001)*

**കുട്ടികളോടും തിരുനബി(സ) സ്നേഹവും വിനയവും പ്രകടിപ്പിച്ചിരുന്നു. അവരോട് ആദ്യം സലാം പറയുമായിരുന്നു.** ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു: തിരുനബി(സ) അൻസാരികളുടെ അടുക്കൽ ചെല്ലുമ്പോൾ അവരുടെ കുട്ടികൾക്ക് സലാം പറയുകയും അവരുടെ തലയിൽ തലോടുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു.

*(അസ്സുനനുൽ കുബ്റാ ലിന്നസാഇ, കിതാബുൽ മനാഖിബ്, ബാബു അബ്നാഇൽ അൻസാർ, ഹദീസ്: 8349, വാല്യം 5, പേജ് 92)*

ഹദ്റത്ത് ഇബ്നു മസ്ഊദ്(റ) വിവരിക്കുന്നു: *ഒരിക്കൽ ഒരാൾ തിരുനബി(സ) യുടെ അടുക്കൽ വന്നു. തിരുനബി(സ) അവനോട് സംസാരിച്ചു. തിരുനബി(സ)യുടെ പ്രഭാവം കാരണം അവന്റെ തോളുകൾ വിറയ്ക്കാൻ*


• ഹദീഥുന്നബ്‌വി ﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

*തുടങ്ങി. അപ്പോൾ തിരുനബി(സ) അവനോട് പറഞ്ഞു: 'സമാധാനപ്പെടൂ, ഞാൻ രാജാവൊന്നുമല്ല. ഉണക്കമാംസം കഴിച്ചിരുന്ന ഒരു സ്ത്രീയുടെ മകനാണ് ഞാൻ.'*

*(സുനനു ഇബ്നു മാജ, കിതാബുൽ അത്ത്ഇമ, ബാബുൽ ഖദീദ്, ഹദീസ്: 3312)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നോക്കൂ! നമ്മുടെ നബി കരീം(സ)യുടെ വിജയങ്ങൾ മുൻകഴിഞ്ഞുപോയ എല്ലാ പ്രവാചകന്മാരിലും സമാനതകളില്ലാത്തതാണെങ്കിലും, അല്ലാഹു അവിടുത്തേക്ക് വിജയങ്ങൾ നൽകിയതനുസരിച്ച് അവിടുന്ന് കൂടുതൽ വിനയാന്വിതനാവുകയാണുണ്ടായത്. ഒരിക്കൽ ഒരാളെ തിരുനബി(സ)യുടെ അടുക്കൽ കൊണ്ടുവന്നു. അയാൾ വളരെയേറെ വിറയ്ക്കുന്നതും ഭയപ്പെടുന്നതും അവിടുന്ന് കണ്ടു. അയാൾ അടുത്തുവന്നപ്പോൾ തിരുനബി(സ) വളരെ മൃദുവായും വാത്സല്യത്തോടും കൂടി ചോദിച്ചു: **'നീ എന്തിനാണ് ഇങ്ങനെ പേടിക്കുന്നത്? ഞാൻ നിന്നെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്, ഉണക്കമൊംസം കഴിച്ചിരുന്ന ഒരു സ്ത്രീയുടെ മകനാണ് ഞാൻ.'**

*(മൽഫൂസാത്ത്, വാല്യം 10, പേജ് 217,218, 2022 പതിപ്പ്)*

ബാഹ്യമായ പ്രൗഢികളിൽ നിന്നും ലൗകികമായ ആഡംബരങ്ങളിൽ നിന്നും അവിടുന്ന് വളരെ ഉന്നതനായിരുന്നു. മദീനയിലേക്കുള്ള ഹിജ്റ വേളയിലെ സംഭവത്തിൽ ഇത് വ്യക്തമാണ്. ഇക്കാര്യം നാം പലതവണ കേട്ടിട്ടുണ്ട്. ഹിജ്റ വേളയിൽ തിരുനബി(സ) മദീനയിൽ എത്തിയപ്പോൾ, ഇതറിഞ്ഞ ഉടൻ തന്നെ മുസ്‌ലീങ്ങൾ ആയുധങ്ങളുമെടുത്ത് ഓടുകയും ഹർറയുടെ മൈതാനത്ത് വെച്ച് നബി(സ)യെ സ്വീകരിക്കുകയും ചെയ്തു. അവരെയും കൂട്ടി അവിടുന്ന് വലതുവശത്തേക്ക് തിരിയുകയും ബനൂ അംറ് ബിൻ ഔഫ് കുടുംബത്തിന്റെ പ്രദേശത്ത് ഇറങ്ങുകയും ചെയ്തു. അതൊരു തിങ്കളാഴ്ചയായിരുന്നു, റബീഉൽ അവ്വൽ മാസവും. ആളുകളെ കാണാനായി ഹദ്റത്ത് അബൂബക്കർ(റ) എഴുന്നേറ്റുനിന്നു, തിരുനബി(സ) നിശബ്ദനായി ഇരുന്നു. തിരുനബി(സ)യെ ഇതിനുമുമ്പ് കാണാത്ത അൻസാരികൾ വന്ന് ഹദ്റത്ത് അബൂബക്കർ(റ)വിനെ സലാം പറയാൻ തുടങ്ങി. സൂര്യപ്രകാശം തിരുനബി(സ)യുടെ മേൽ വീഴുന്നത് വരെ അത് തുടർന്നു. അപ്പോൾ **ഹദ്റത്ത് അബൂബക്കർ(റ) എഴുന്നേറ്റ് തന്റെ പുതപ്പ് കൊണ്ട് തിരുനബി(സ)ക്ക് തണൽ നൽകി. അപ്പോഴാണ് ആളുകൾ തിരുനബി(സ)യെ തിരിച്ചറിഞ്ഞത്.**

*(സ്വഹീഹുൽ ബുഖാരി, കിതാബു മനാഖിബിൽ അൻസാർ, ഹദീസ്: 3906)*

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)വിൽ നിന്ന് നിവേദനം: ഹദ്റത്ത് ഉമർ(റ) മിമ്പറിൽ നിന്ന് പറയുന്നത് ഞാൻ കേട്ടു: തിരുനബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: **'ക്രിസ്ത്യാനികൾ മർയമിന്റെ മകനെക്കുറിച്ച് അമിതമായി പ്രകീർത്തിച്ചത് പോലെ എന്നെക്കുറിച്ച് നിങ്ങൾ അമിതമായി പ്രകീർത്തിക്കരുത്. ഞാൻ അല്ലാഹുവിന്റെ ദാസൻ മാത്രമാണ്. അതിനാൽ നിങ്ങൾ എന്നെ അല്ലാഹുവിന്റെ ദാസനെന്നും അവന്റെ റസൂൽ എന്നും പറയുക.'**

*(സ്വഹീഹുൽ ബുഖാരി, കിതാബു അഹാദീസിൽ അൻബിയാ, ഹദീസ്: 3445)*

അതുപോലെ അലി ബിൻ ഹുസൈൻ(റ) തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു: 'ഇസ്‌ലാമിനോടുള്ള സ്നേഹം കാരണം എന്നെ സ്നേഹിക്കുക. കാരണം, റസൂൽ(സ) എന്നോട് പറഞ്ഞിട്ടുണ്ട്, എന്റെ സ്ഥാനവും പദവിയും അതിരുകവിഞ്ഞ് വർദ്ധിപ്പിക്കരുത്. കാരണം, എന്നെ റസൂലാക്കുന്നതിന് മുമ്പ് തന്നെ അല്ലാഹു എന്നെ തന്റെ ദാസനായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്.' തിരുനബി(സ) പറഞ്ഞു: 'ഇസ്‌ലാമിനോടുള്ള സ്നേഹം നിമിത്തം സ്നേഹിക്കുക.'

*(അൽ മുഅ്ജമുൽ കബീർ ലിൽ ത്വബ്റാനി, വാല്യം 3, പേജ് 138139, ഹദീസ്: 2889)*

മുത്വരിഫ് വിവരിക്കുന്നു: എന്റെ പിതാവ് പറഞ്ഞു, ഞാൻ ബനൂ ആമിർ പ്രതിനിധി സംഘത്തോടൊപ്പം തിരുനബി(സ)യുടെ അടുക്കൽ ചെന്നു. ഞങ്ങൾ പറഞ്ഞു: 'താങ്കൾ ഞങ്ങളുടെ നേതാവാണ്.' തിരുനബി(സ) പറഞ്ഞു: 'നേതാവ് അല്ലാഹു ആണ്.' ഞങ്ങൾ പറഞ്ഞു: 'ഗുണത്തിലും ശ്രേഷ്ഠതയിലും താങ്കളാണ് ഞങ്ങളിൽ ഏറ്റവും ഉത്തമൻ, നന്മ ചെയ്യുന്നതിൽ ഞങ്ങളിൽ ഏറ്റവും വലിയവനും.' അപ്പോൾ തിരുനബി(സ) പറഞ്ഞു: 'നിങ്ങളുടെ കാര്യം പറയൂ. പിശാച് നിങ്ങളെ തന്റേടികളാക്കാതിരിക്കട്ടെ.'

*(സുനനു അബീദാവൂദ്, കിതാബുൽ അദബ്, ഹദീസ്: 4806)*

ഇതാണ് തിരുനബി(സ)യുടെ വിനയത്തിന്റെ സ്ഥാനം. അവിടുന്ന് ഉടനെത്തന്നെ തടഞ്ഞു: 'ഈ വാക്കുകൾ അവസാനിപ്പിക്കൂ. ഇത് നിങ്ങൾക്ക് പിന്നീട് ചില തകരാറുകൾ ഉണ്ടാക്കിയേക്കാം. നിങ്ങൾ എന്തിനാണോ വന്നത് ആ ലക്ഷ്യം പറയൂ, **എന്നെക്കുറിച്ച് തെറ്റായ കാര്യങ്ങൾ പറയരുത്.' അവിടുത്തെക്കുറിച്ച് ഉപയോഗിച്ച പ്രശംസാവചനങ്ങൾ സത്യമായിരുന്നിട്ടു കൂടി അവിടുന്ന് അത് വിലക്കി.**

റുബൈയി ബിൻത് മുഅവ്വദ്(റ) പറയുന്നു: എന്റെ വിവാഹത്തിന് തിരുനബി(സ) എന്റെ അടുക്കൽ വരികയും നിങ്ങൾ ഇപ്പോൾ എന്റെ അടുത്തുള്ളതുപോലെ എന്റെ വിരിപ്പിൽ ഇരിക്കുകയും ചെയ്തു. അപ്പോൾ ഞങ്ങളുടെ ചില പെൺകുട്ടികൾ ദഫ് കൊട്ടുകയും ബദർ യുദ്ധത്തിൽ രക്തസാക്ഷികളായ എന്റെ പൂർവ്വികരെ പ്രകീർത്തിക്കുകയും ചെയ്തു. **ആ കവിതകളിൽ ഒരു പെൺകുട്ടി പറഞ്ഞു: 'നാളെ എന്താണ് സംഭവിക്കുക എന്ന് അറിയുന്ന ഒരു നബി നമ്മിലുണ്ട്.' തിരുനബി(സ) ഉടൻ പറഞ്ഞു: 'അത് ഒഴിവാക്കൂ,** നേരത്തെ പാടിക്കൊണ്ടിരുന്ന അത് തന്നെ പാടൂ.'

*(സ്വഹീഹുൽ ബുഖാരി, കിതാബുന്നിക്കാഹ്, ഹദീസ്: 5147)*

**'എനിക്ക് ഗൈബ് (അദൃശ്യജ്ഞാനം) അറിയാം എന്നത് തെറ്റായ കാര്യമാണ്. ഗൈബിനെ അറിയുന്നവൻ അല്ലാഹു മാത്രമാണ്.'**

ഹദ്റത്ത് അബ്ദുല്ലാഹ്(റ) നബി(സ)യിൽ നിന്ന് നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: **'യൂനുസ് ബിൻ മത്തായേക്കാൾ ഉത്തമനാണ് ഞാൻ എന്ന് ആരും പറയരുത്.' ഏറ്റവും ഉത്തമനായിട്ടു കൂടി ഈ താരതമ്യത്തിൽ നിന്ന് അവിടുന്ന് വിലക്കുകയും അങ്ങേയറ്റത്തെ വിനയം പ്രകടിപ്പിക്കുകയും ചെയ്തു.**

*(സ്വഹീഹുൽ ബുഖാരി, കിതാബു തഫ്സീറിൽ ഖുർആൻ, ഹദീസ്: 4603)*

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു: ഒരാൾ തിരുനബി(സ)യുടെ അടുക്കൽ വന്ന് പറഞ്ഞു: **'യാ ഖൈറൽ ബരിയ്യ!'** അതായത്, അല്ലയോ സൃഷ്ടികുലോത്തമാ! അപ്പോൾ തിരുനബി(സ) പറഞ്ഞു: 'അത് ഇബ്രാഹീം നബി(അ) ആണ്.'

*(സ്വഹീഹു മുസ്‌ലിം, കിതാബുൽ ഫദാഇൽ, ഹദീസ്: 4353)*

തീർച്ചയായും, **അവിടുന്ന് സൃഷ്ടികളിൽ ഏറ്റവും ഉത്തമനും (ഖൈറൽ ബരിയ്യ) എല്ലാ പ്രവാചകന്മാരിലും വെച്ച് ഏറ്റവും ശ്രേഷ്ഠനുമായിരുന്നു. എന്നിട്ടും അതീവ വിനയത്തോടെ അവിടുന്ന് ആ പദവി ഇബ്രാഹീം നബി(അ)യിലേക്ക് ചേർത്തുപറഞ്ഞു.**

തിരുനബി(സ)യുടെ വിനയത്തിന്റെ മറ്റൊരു ഉദാഹരണം ഇതാണ്: ഹദ്റത്ത് ഉമർ ബിൻ ഖത്താബ്(റ) വിവരിക്കുന്നു, ഒരിക്കൽ ഒരാൾ തിരുനബി(സ)യെ മൂന്നുതവണ വിളിച്ചു. ഓരോ തവണയും അവിടുന്ന് 'ലബ്ബൈക്ക്, ലബ്ബൈക്ക്' (ഞാൻ ഇതാ ഹാജർ, ഞാൻ ഇതാ ഹാജർ) എന്ന് മറുപടി നൽകി.

*(മജ്മഉസ്സവാഇദ്, വാല്യം 8, പേജ് 421, ഹദീസ്: 14224)*

**മുഴുവൻ അറേബ്യയും വിജയിച്ചടക്കിയ ആ നേതാവ്, ഒരു ലക്ഷത്തിലധികം സ്വഹാബികളോടൊപ്പം ഹജ്ജ് നിർവ്വഹിച്ചപ്പോൾ അവിടുത്തെ വിനയം എത്രത്തോളമായിരുന്നുവെന്ന് ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു:** തിരുനബി(സ) വളരെ സാധാരണമായ ഒരു വാഹനപ്പുറത്താണ് ഹജ്ജ് ചെയ്തത്. നാല് ദിർഹമിന് തുല്യമായ, അല്ലെങ്കിൽ അതിലും കുറഞ്ഞ മൂല്യമുള്ള ഒരു സാധാരണ പുതപ്പായിരുന്നു അവിടുന്ന് ധരിച്ചിരുന്നത്. അവിടുന്ന് പ്രാർത്ഥിച്ചു:

اَللّٰهُمَّ حَجَّةٌ لَا رِيَاءَ فِيْهَا وَلَا سُمْعَةَ۔

അല്ലാഹുവേ, ഇതൊരു ഹജ്ജാണ്; ഇതിൽ ഒട്ടും പ്രകടനമോ (റിയാഅ്) കീർത്തിക്ക് വേണ്ടിയുള്ള ആഗ്രഹമോ (സുമ്അ) ഇല്ലാത്ത ഒരു ഹജ്ജ്.

*(സുനനു ഇബ്നു മാജ, ഹദീസ്: 2890; അസ്സീറത്തുൽ ഹലബിയ്യ, വാല്യം 3, പേജ് 361)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) തിരുനബി(സ)യുടെ മഹത്വത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: **'അഹ്മദ് എന്ന നാമം സൗന്ദര്യത്തിന്റെ പ്രകടനമാണ് (മള്ഹറെ ജമാൽ), അതേസമയം മുഹമ്മദ് എന്ന നാമം പ്രതാപത്തിന്റെ പ്രകടനവുമാണ് (മള്ഹറെ ജലാലി).'**

തിരുനബി(സ)ക്ക് രണ്ട് നാമങ്ങളുണ്ട്. 'മുഹമ്മദ് എന്ന നാമത്തിൽ 'മഹ്ബൂബിയ്യത്തിന്റെ' (പ്രിയങ്കരനാകാനുള്ള) പൊരുളുണ്ട്. അവിടുന്ന് അല്ലാഹുവിന്റെ പ്രിയങ്കരനാണ്, കാരണം എല്ലാ ഗുണങ്ങളുടെയും സമാഹാരമാണവിടുന്ന്. മുഹമ്മദാവുക എന്നത് തന്നെ ജലാലിന്റെയും (പ്രതാപത്തിന്റെയും) മഹത്വത്തിന്റെയും ലക്ഷണമാണ്.' എന്നാൽ 'അഹ്മദ് എന്ന നാമത്തിൽ 'ആശിഖിയ്യത്ത്' (അല്ലാഹുവിനോടുള്ള പ്രണയത്തിന്റെ) ഗുപ്തമാണ്. കാരണം, ദൈവസ്തുതി ചെയ്യുന്നവന് വിനയവും എളിമയും അനിവാര്യമാണ്; ഇതിനെയാണ് 'ജമാലി' അവസ്ഥ എന്ന് വിളിക്കുന്നത്.' തിരുനബി(സ)യിൽ മഹ്ബൂബിയ്യത്തിന്റെ (സ്നേഹത്തിന്റെ) ലക്ഷണവും ആശിഖിയ്യത്തിന്റെ (അനുരാഗത്തിന്റെ) ലക്ഷണവും ഒരുപോലെ ഉണ്ടായിരുന്നു. 'അതുകൊണ്ട് തന്നെ അവിടുന്ന് അല്ലാഹുവിന്റെ പ്രിയങ്കരനായപ്പോൾ അല്ലാഹു അവിടുത്തെക്കൊണ്ട് പ്രതാപവും (ജലാൽ) കാണിച്ചു. സഹാബികളിലൂടെ ആ പ്രതാപം വെളിപ്പെടുകയും ധിക്കാരികളായ ശത്രുക്കളെ അല്ലാഹു തകർക്കുകയും ചെയ്തു.'

*(അർബഈൻ നമ്പർ 4, റൂഹാനി ഖസാഇൻ, വാല്യം 17, പേജ് 447,448)*

ഇതിന്റെ കൂടുതൽ വിശദീകരണമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: 'തിരുനബി(സ)യുടെ പുണ്യനാമങ്ങളിലുള്ള ഒരു രഹസ്യം എന്തെന്നാൽ, മുഹമ്മദ്, അ

**• ഹദീഥുന്നബ്‌വി ﷺ •**

**"തഅല്ലമുൽയഖീന."**

**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

ഷദ് എന്നീ രണ്ട് നാമങ്ങളിലും രണ്ട് വ്യത്യസ്തമായ പൂർണ്ണതകളുണ്ട്. മുഹമ്മദ് എന്ന നാമം ജലാലിനെയും (പ്രതാപത്തെയും) മഹത്വത്തെയും തേടുന്നു; കാരണം അത് ഉന്നതമായ തോതിൽ സ്തുതിക്കപ്പെട്ടതാണ്. അതിൽ ഒരു 'മഅ്ശൂഖ്' (പ്രിയതമൻ) ഭാവമുണ്ട്, കാരണം പ്രിയതമനെയാണ് പ്രകീർത്തിക്കാറുള്ളത്. അതിനാൽ അതിൽ പ്രതാപത്തിന്റെ നിറം അനിവാര്യമാണ്. എന്നാൽ 'അഹ്മദ്' എന്ന നാമം അതിൽ 'ആശിഖാന'(പ്രണയത്തിന്റെ) ഭാവം ഉൾക്കൊള്ളുന്നു, കാരണം സ്തുതിക്കുക എന്നത് ഒരു കാമുകന്റെ (ആശിഖിന്റെ) ജോലിയാണ്. അവൻ തന്റെ മഅ്ശൂഖിനെ (പ്രിയപ്പെട്ടവനെ) എപ്പോഴും സ്തുതിച്ചുകൊണ്ടേയിരിക്കും. അതിനാൽ **മുഹമ്മദ് എന്ന നാമം പ്രതാപത്തെ തേടുന്നതുപോലെ, അഹ്മദ് എന്ന നാമം പ്രണയത്തിന്റെ അവസ്ഥയിൽ വിനയത്തെയും എളിമയെയും ആവശ്യപ്പെടുന്നു.' അഹ്മദ് എന്ന ഈ രണ്ടാമത്തെ നാമത്തിൽ നിന്നാണ് വിനയവും എളിമയും പ്രകടമാകുന്നത്.**

'ഇതിന്റെ പിന്നിലുള്ള രഹസ്യം തിരുനബി(സ)യുടെ ജീവിതത്തെ രണ്ടായി വിഭജിച്ചു എന്നതാണ്. ഒന്ന് 13 വർഷം നീണ്ടുനിന്ന മക്കയിലെ ജീവിതം, മറ്റൊന്ന് 10 വർഷം നീണ്ടുനിന്ന മദീനയിലെ ജീവിതം. **മക്കയിലെ ജീവിതത്തിൽ 'അഹ്മദ്' എന്ന നാമത്തിന്റെ പ്രകാശമായിരുന്നു. ആ സമയത്ത് അവിടുത്തെ രാപ്പകലുകൾ അല്ലാഹുവിന്റെ സന്നിധിയിൽ കണ്ണീരോടെയുള്ള പ്രാർത്ഥനയിലും സഹായം തേടുന്നതിലുമാണ് ചിലവഴിച്ചത്.'** വിനയവും എളിമയും അവിടുത്തെ ആത്മാവിന്റെ ആഴങ്ങളുമായി ബന്ധപ്പെട്ടിരുന്നു. 'ഈ ജീവിതരീതിയെക്കുറിച്ച് കൃത്യമായി അറിയുന്ന ഒരാൾക്ക് മനസ്സിലാകും, അല്ലാഹുവിനോടുള്ള പ്രേമത്തിൽ അവിടുന്ന് കാണിച്ച ആത്മസമർപ്പണവും വിലാപവും മറ്റൊരു കാമുകനും തന്റെ പ്രിയതമനെ കണ്ടെത്താൻ വേണ്ടി ഒരിക്കലും നടത്തിയിട്ടില്ല, ഇനിയും സാധിക്കുകയുമില്ല.'

അല്ലാഹുവിന്റെ സ്നേഹത്തിൽ അലിഞ്ഞുചേർന്ന ആ പ്രാർത്ഥനയുടെ ഉദാഹരണമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇവിടെ നൽകുന്നത്.

അവിടുത്തെ പ്രാർത്ഥന തനിക്ക് വേണ്ടിയായിരുന്നില്ല, മറിച്ച് ലോകത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള അഗാധമായ അറിവ് കാരണമായിരുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ പേരുപോലും മാഞ്ഞുപോയ സാഹചര്യത്തിൽ, അവിടുത്തെ ആത്മാവിൽ അല്ലാഹുവിനോടുള്ള വിശ്വാസം ഒരു വലിയ ആനന്ദം നിറച്ചിരുന്നു. സ്വാഭാവികമായും, ലോകം സ്നേഹത്തിൽ മുഴുകുന്നവരാകാൻ അവിടുന്ന് ആഗ്രഹിച്ചു. മറുഭാഗത്ത് ലോകത്തിന്റെ അവസ്ഥ നോക്കിയപ്പോൾ മനുഷ്യരുടെ കഴിവുകളും പ്രകൃതവും വിചിത്രമായ വഴികളിലായിരുന്നു, വലിയ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമാണ് അവിടുന്ന് നേരിട്ടത്. ചുരുക്കത്തിൽ, **ലോകത്തിന്റെ ഈ അവസ്ഥയിൽ അവിടുന്ന് അത്യധികം കരയുകയും വിലപിക്കുകയും ചെയ്യുമായിരുന്നു, ചിലപ്പോൾ ആ വിലാപം കാരണം അവിടുത്തെ ജീവൻ പോകുന്ന അവസ്ഥയിൽ എത്തുമായിരുന്നു.** ഇതിലേക്കാണ് അല്ലാഹു സൂചിപ്പിച്ചത്:

لَعَلَّكَ بَاخِعٌ نَّفْسَكَ اَلَّا يَكُوْنُوْا مُؤْمِنِيْنَ۔
(الشعراء:4)

(അവർ വിശ്വാസികളാകുന്നില്ലല്ലോ എന്നോർത്ത് നീ നിന്റെ പ്രാണനെ തന്നെ നശിപ്പിച്ചുകളയുമോ?) (സൂറത്തുശ്ശൂഅറാഅ്: 4). ഇതായിരുന്നു അവിടുത്തെ വിനയാന്വിതമായ ജീവിതവും അഹ്മദ് എന്ന നാമത്തിന്റെ പ്രകടനവും.

ഇത് അദ്ദേഹത്തിന്റെ വിനയാന്വിത ജീവിതമായിരുന്നു, അഹ്മദ് എന്ന നാമത്തിന്റെ വെളിപ്പെടലുമായിരുന്നു. ആ സമയത്ത് അദ്ദേഹം ഒരു വലിയ ചിന്താധീനതയിലായിരുന്നു, അതിന്റെ വെളിപ്പെടൽ **മദീനാ ജീവിതത്തിലും മുഹമ്മദ് എന്ന നാമത്തിന്റെ ബഹിർസ്ഫുരണത്തിലും ഉണ്ടായി. ഈ ആയത്തിൽ നിന്ന് അത് വ്യക്തമാകുന്നു. ആദ്യ കാലഘട്ടം അഹ്മദിന്റെ ജീവിതമായിരുന്നു. ഇപ്പോൾ മദീനയിൽ വന്നപ്പോൾ മുഹമ്മദിയ്യാ പരിവേഷത്തിൽ വെളിപ്പെട്ടു.** മുൻപ് സൂചിപ്പിച്ചതുപോലെ സ്വഹാബികൾ മുഖേനയും ശത്രുക്കളെ ഉന്മൂലനം ചെയ്തു. ഈ ദ്യുതിവിലാസത്തിന്റെ സമയമായെന്ന് ഈ ആയത്തിൽ നിന്ന് വ്യക്തമാകുന്നു:

وَاسْتَفْتَحُوْا وَخَابَ كُلُّ جَبَّارٍ عَنِيْدٍ
(ابراهيم:16)

(അതായത്, അവർ വിജയത്തിന് വേണ്ടി ദുആ ചെയ്തു, എല്ലാ ധിക്കാരികളും സത്യത്തിന്റെ ശത്രുക്കളും പരാജയപ്പെടുകയും നിരാശരാവുകയും ചെയ്തു.)

*(മൽഫൂസാത്ത് ഭാഗം: 2, പേജ്: 62,63 എഡിഷൻ 2022)*

മദീനയിൽ വന്ന് ശത്രുക്കൾ വീണ്ടും തീക്ഷ്ണത കാണിച്ചപ്പോൾ അവിടെ മുഹമ്മദിന്റെ ദ്യുതിവിലാസമുണ്ടാകുകയും എല്ലാ ശത്രുക്കളും നശിക്കുകയും ചെയ്തു.

وَاسْتَفْتَحُوْا وَخَابَ كُلُّ جَبَّارٍ عَنِيْدٍ
(ابراهيم:16)۔

അല്ലാഹുവിനോട് വിജയം ചോദിച്ചു, അല്ലാഹു ശത്രുവിന് മേൽ വിജയം നൽകുകയും അദ്ദേഹത്തിന്റെ ശത്രുക്കളെ തകർക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു:

'തിരുനബി(സ)യുടെ വിനയവും എളിമയും ചില സന്ദർഭങ്ങളിൽ കാണുന്ന പൂർണ്ണത, അവിടുന്ന് റൂഹുൽ ഖുദ്സിന്റെ (പരിശുദ്ധാത്മാവിന്റെ) സഹായത്താലും പ്രകാശത്താലും എത്രത്തോളം അനുഗ്രഹീതനും പ്രകാശമാനവുമാണെന്ന് ബോധ്യപ്പെടുത്തുന്നു. നമ്മുടെ നബി കരീം(സ) തന്റെ കർമ്മങ്ങളിലൂടെയും ജീവിതരീതിയിലൂടെയും അത് കാണിച്ചുതന്നു. അവിടുത്തെ പ്രകാശത്തിന്റെയും അനുഗ്രഹങ്ങളുടെയും വൃത്തം എത്രത്തോളം വിശാലമാണെന്നാൽ, കാലാകാലങ്ങളോളം അതിന്റെ മാതൃകയും നിഴലും കാണാൻ സാധിക്കും.' ഈ മാതൃക എപ്പോഴും ദൃശ്യമായിരിക്കും. 'അതുകൊണ്ട് തന്നെ ഈ കാലഘട്ടത്തിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ഔദാര്യങ്ങളും ഇറങ്ങിവരുന്നത് അവിടുത്തെ അനുസരണത്തിലൂടെയും പിൻപറ്റലിലൂടെയുമാണ്.

ഞാൻ സത്യം പറയുന്നു, എന്റെ അനുഭവത്തിൽ നിന്ന് പറയുന്നു: **റസൂലുല്ലാഹി(സ)യെ പിൻപറ്റി സ്വയം അലിഞ്ഞുചേരാത്ത കാലത്തോളം, ആർക്കും യഥാർത്ഥ നന്മയുള്ളവനാകാനോ അല്ലാഹുവിന്റെ പ്രീതി നേടാനോ കഴിയില്ല. ആത്മശുദ്ധീകരണത്തിലൂടെ ലഭിക്കുന്ന ഉന്നതമായ അനുഗ്രഹങ്ങളോ, ജ്ഞാനങ്ങളോ, യാഥാർത്ഥ്യങ്ങളോ, ദിവ്യബോധനങ്ങളോ നേടാൻ അവർക്ക് കഴിയില്ല.'**

ഇതിനൊരു തെളിവ് അല്ലാഹുവിന്റെ വചനത്തിൽ തന്നെയുണ്ട്:

قُلْ اِنْ كُنْتُمْ تُحِبُّوْنَ اللّٰهَ فَاتَّبِعُوْنِيْ يُحْبِبْكُمُ اللّٰهُ
(آل عمران:32)

പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക, എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്. (സൂറത്ത് ആലു ഇംറാൻ: 32).

'അല്ലാഹുവിന്റെ ഈ പ്രഖ്യാപനത്തിന്റെ കർമപരമായ ജീവൽ ഞാനാകുന്നു. ഞാൻ തിരുനബി(സ)യെ സ്നേഹിക്കുന്നു, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എനിക്കു മേൽ വർഷിക്കുന്നു.

**'ഖുർആനിൽ അല്ലാഹുവിന്റെ പ്രിയങ്കരർക്കും ഔലിയാക്കൾക്കും നിശ്ചയിച്ചിട്ടുള്ള അടയാളങ്ങൾ മുഖേന എന്നെ തിരിച്ചറിയുക.**

ചുരുക്കത്തിൽ, തിരുനബി(സ)യുടെ ഉത്തമ സ്വഭാവത്തിന്റെ പൂർണ്ണത എത്രത്തോളമെന്നാൽ, ഏതെങ്കിലും ഒരു വൃദ്ധ അവിടുത്തെ കൈ പിടിച്ചാൽ പോലും അവിടുന്ന് എഴുന്നേറ്റ് നിൽക്കുകയും, അവർ പറയുന്നത് അതീവ ശ്രദ്ധയോടെ കേൾക്കുകയും ചെയ്യുമായിരുന്നു. അവർ സ്വയം കൈ വിടുന്നതുവരെ അവിടുന്ന് കൈ വിടില്ലായിരുന്നു.'

*(മൽഫൂസാത്ത്, വാല്യം 1, പേജ് 188189, 2022 പതിപ്പ്)*

ഒരു നിവേദനത്തിൽ തിരുനബി(സ)യുടെ വിനയത്തെയും ലളിതജീവിതത്തെയും കുറിച്ച് ഇങ്ങനെ കാണാം: ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു, തിരുനബി(സ) രോഗികളെ സന്ദർശിക്കുമായിരുന്നു, ജനാസകളിൽ പങ്കെടുക്കുമായിരുന്നു, കഴുതപ്പുറത്ത് യാത്ര ചെയ്യുമായിരുന്നു. **വളരെ സാധാരണമായ വാഹനമാണെങ്കിലും അവിടുന്ന് അതിൽ സഞ്ചരിക്കുമായിരുന്നു. അടിമകളുടെ ക്ഷണങ്ങൾ അവിടുന്ന് സ്വീകരിക്കുമായിരുന്നു. ബനൂ ഖുറൈള യുദ്ധദിവസം അവിടുന്ന് കഴുതപ്പുറത്തായിരുന്നു, അതിന്റെ കടിഞ്ഞാൺ ഈന്തപ്പനനാരുകൊണ്ട് നിർമ്മിച്ചതായിരുന്നു, അതിന്റെ സീറ്റ് (ജീനി) ഈന്തപ്പനനാരുകൊണ്ടുള്ളതുമായിരുന്നു. അതായത്, വളരെ സാധാരണമായ ഒന്നായിരുന്നു അത്.**

*(ജാമിഉത്തിർമിദി, അബ്വാബുൽ ജനാഇസ്, ഹദീസ്: 1017)*

ഒരു നിവേദനത്തിൽ കാണാം: ഹദ്റത്ത് ഉസ്മാൻ(റ) ഒരു പ്രസംഗത്തിൽ പറഞ്ഞു: 'അല്ലാഹുവാണെ സത്യം! യാത്രയിലായാലും താമസസ്ഥലത്തായാലും തിരുനബി(സ) ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. **ഞങ്ങളുടെ രോഗികളെ അവിടുന്ന് സന്ദർശിക്കുമായിരുന്നു, ഞങ്ങളുടെ ജനാസകളെ അനുഗമിക്കുമായിരുന്നു. എല്ലാ സ്ഥലത്തും എല്ലാ കാര്യങ്ങളിലും അവിടുന്ന് ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 1, പേജ് 226, ഹദീസ്: 504, ആലം അൽ കുതുബ് 1998)*

അതുപോലെ ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു: തിരുനബി(സ) പറഞ്ഞു: **'ഒരു ആടിന്റെ കൈയോ കാലോ കഴിക്കാൻ എന്നെ ക്ഷണിച്ചാൽ ഞാൻ ആ ക്ഷണം തീർച്ചയായും സ്വീകരിക്കും. അതുപോലെ ആടിന്റെ കൈയോ കാലോ എനിക്ക് സമ്മാനമായി നൽകിയാൽ ഞാൻ അത് തീർച്ചയായും സ്വീകരിക്കുകയും ചെയ്യും.'** അതായത്, ചെറിയൊരു കാര്യത്തിനായാലും ക്ഷണിച്ചാലും സമ്മാനം നൽകിയാലും അവിടുന്ന് അത് സ്വീകരിക്കുമായിരുന്നു.

*(സ്വഹീഹുൽ ബുഖാരി, കിതാബുൽ ഹിബ, ഹദീസ്: 2568)*

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു: ഒരു ദിവസം തിരുനബി(സ)യെ ബാർലിയുടെ അപ്പവും പഴയ കൊഴുപ്പും അടങ്ങിയ ഭക്ഷണത്തിന് ക്ഷണിച്ചു, അവിടുന്ന് വലിയ സന്തോഷത്തോടെ ആ ക്ഷണം സ്വീകരിച്ചു.

*(മുസ്നദ് ഇമാം അഹ്മദ് ബിൻ ഹമ്പൽ, ഹദീസ്: 13531)*

തിരുനബി(സ)യുടെ ലളിതമായ ഭക്ഷണത്തെക്കുറിച്ചുള്ള മറ്റൊരു പരാമർശം ഇതാണ്: ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു: ഒരു ദിവസം ഒരു തുന്നൽക്കാരൻ തിരുനബി(സ)യെ താൻ തയ്യാറാക്കിയ ഭക്ഷണത്തിന് ക്ഷണിച്ചു. ഹദ്റത്ത് അനസ്(റ) പറയുന്നു: ഞാനും തിരുനബി(സ)യോടൊപ്പം ആ വിരുന്നിൽ പങ്കെടുത്തു. അവിടുത്തേക്ക് അപ്പം, സൂപ്പ്, കുമ്പളങ്ങയുടെ കഷ്ണങ്ങൾ, ഇറച്ചി എന്നിവ വിളമ്പി. ഞാൻ ശ്രദ്ധിച്ചു, തിരുനബി(സ) പാത്രത്തിന്റെ വശങ്ങളിൽ നിന്ന് മത്തങ്ങയുള്ള ഭാഗത്ത് നിന്ന് എടുക്കുകയും

ഇറച്ചി മാറ്റി വെക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഹദ്റത്ത് അനസ്(റ) പറയുന്നു: അന്ന് മുതൽ ഞാൻ കുമ്പളങ്ങ കഴിക്കാൻ തുടങ്ങി, എനിക്ക് കുമ്പളങ്ങ ഇഷ്ടപ്പെടുകയും ചെയ്തു.

*(സ്വഹീഹുൽ ബുഖാരി, കിതാബുൽ ബയൂഅ്, ഹദീസ്: 2092)*

ഇവിടെ ഞാൻ നമ്മുടെ അതിഥികളോട് ഒരു കാര്യം പറയാം, അവർക്കും ഇതിൽ ഒരു പാഠമുണ്ട്. ജൽസാ ദിവസങ്ങളിൽ ലംഗറിൽ നിന്ന് ഭക്ഷണം ലഭിക്കുമ്പോൾ, ചിലർ ആലുഗോശ്ത് (ഉരുളക്കിഴങ്ങ്ഇറച്ചി കറി) ലഭിക്കുമ്പോൾ ഉരുളക്കിഴങ്ങ് വേണ്ടെന്നും ഇറച്ചി മാത്രം വേണമെന്നും പറയാറുണ്ട്. തിരുനബി(സ)യുടെ ഈ മാതൃക നമ്മൾ എപ്പോഴും മുന്നിൽ കാണണം. ഭക്ഷണം കണക്കാക്കിയാണ് പാകം ചെയ്യുന്നത്, അതിനാൽ ലഭിക്കുന്നതിൽ നിന്ന് കഴിക്കണം. ഏത് പച്ചക്കറിയോ ഇറച്ചിയോ ആണെങ്കിലും അത് ഇഷ്ടപ്പെട്ട് കഴിക്കണം. വികാരങ്ങളെ മാനിക്കുന്നതിനും വിനയത്തിനുമുള്ള മറ്റൊരു ഉദാഹരണം ഇതാണ്: ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം ചെയ്യുന്നു: തിരുനബി(സ) **ഒരു കുഷ്ഠരോഗിയുടെ കൈ പിടിച്ച് തന്റെ പാത്രത്തിൽ അവനെയും കൂടെ ഉൾപ്പെടുത്തി ഭക്ഷണം കഴിച്ചു. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ നാമത്തിൽ കഴിക്കൂ, അല്ലാഹുവിൽ ഭരമേൽപിച്ച് കഴിക്കൂ.'**

*(ജാമിഉത്തിർമിദി, അബ്വാബുൽ അത്ത്ഇമ, ഹദീസ്: 1817)*

അതുപോലെ ഹദ്റത്ത് ഉസാമ ബിൻ സൈദ്(റ) വിവരിക്കുന്നു: തിരുനബി(സ) ഒരു കഴുതപ്പുറത്ത് കയറി, അതിൽ ഫദക് എന്ന സ്ഥലത്ത് നിർമ്മിച്ച പുതപ്പ് ഉണ്ടായിരുന്നു, പിന്നിൽ ഹദ്റത്ത് ഉസാമ(റ)യെ അവിടുന്ന് ഇരുത്തിയിരുന്നു. എന്റെ പിന്നിൽ ആരാണ് ഇരിക്കുന്നത്, ആരാണ് ഇല്ലാത്തത് എന്ന വേർതിരിവൊന്നും അവിടുന്ന് നോക്കിയില്ല.

*(സ്വഹീഹുൽ ബുഖാരി, കിതാബു തഫ്സീർ, ഹദീസ്: 4566)*

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: ബലിപെരുന്നാൾ ദിനത്തിൽ ഫള്ൽ ബിൻ അബ്ബാസിനെ തിരുനബി(സ) തന്റെ പിന്നിൽ ഒട്ടകപ്പുറത്ത് ഇരുത്തിയിരുന്നു.

*(സ്വഹീഹുൽ ബുഖാരി, കിതാബുൽ ഇസ്തിഅ്ദാൻ, ഹദീസ്: 6228)*

അതുപോലെ ഹദ്റത്ത് അനസ്(റ)യിൽ നിന്നുള്ള റിപ്പോർട്ടിൽ പറയുന്നു: അവിടുന്ന് മക്കയിൽ പ്രവേശിച്ചപ്പോൾ ആളുകൾ അവിടുത്തെ കാണാൻ ഓടിക്കൂടി. വിനയം കാരണം അവിടുത്തെ തല വാഹനത്തിന്റെ കടിഞ്ഞാണിനോട് (കജാവ) ചേർന്നുനിൽക്കുകയായിരുന്നു. മറ്റൊരു റിപ്പോർട്ടിൽ, വിജയം കൈവരിച്ചപ്പോഴും മുസ്‌ലീങ്ങളുടെ ആധിക്യം കണ്ടപ്പോഴും വിനയം കൊണ്ട് തിരുനബി(സ)യുടെ താടി വാഹനത്തിന്റെ കടിഞ്ഞാണിനെ സ്പർശിക്കുന്നത്ര താഴേക്ക് കുനിഞ്ഞിരുന്നു.

അവിടുന്ന് പറഞ്ഞു:

اَللّٰهُمَّ اِنَّ الْعَيْشَ عَيْشُ الْاٰخِرَةِ

അല്ലാഹുവേ, യഥാർത്ഥ ജീവിതം പരലോകത്തെ ജീവിതമാണ്.

(സുബുലുൽ ഹുദാ, വാല്യം 5, പേജ് 226)

നീതിയും വിനയവും കാണിക്കുന്ന മറ്റൊരു തലമായിരുന്നു ഇത്: ഖുറൈശികളിലെ പ്രമുഖരും ബനൂ ഹാഷിമിലെ പ്രമുഖരും അവിടെ ഉണ്ടായിരുന്നിട്ടും, അവിടുത്തെ മുൻ അടിമയായ സൈദ് ബിൻ ഹാരിസ(റ)യുടെ മകൻ ഉസാമ(റ)യെ തന്റെ പിന്നിൽ ഇരുത്തി എന്നത് അവിടുത്തെ വിനയത്തിന്റെ തെളിവാണ്.

*(ശർഹു സുർഖാനി, വാല്യം 3, പേജ് 414)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിന്റെ പ്രത്യേക ദാസന്മാർക്ക് നൽകപ്പെടുന്ന ഈ ഉന്നതപദവി വിനയത്തിന്റെ നിറത്തിലാണ് പ്രകടമാകുന്നത്. എന്നാൽ പിശാചിന്റെ ഉന്നതഭാവം അഹങ്കാരവുമായി ബന്ധപ്പെട്ടതാണ്.' അതെ, അതിൽ അഹങ്കാരമുണ്ട്. 'നോക്കൂ! നമ്മുടെ നബി കരീം(സ) മക്ക വിജയത്തിന് ശേഷവും മക്കയിൽ എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്ത പ്രയാസകരമായ നാളുകളിൽ എങ്ങനെ തല കുനിച്ച് സജദ ചെയ്തിരുന്നോ, അതേപോലെ തന്നെ തല കുനിച്ച് അല്ലാഹുവിന് സജദ ചെയ്തു. മക്കയിൽ നിന്ന് താൻ ഏത് അവസ്ഥയിലാണ് പോയതെന്നും ഇപ്പോൾ ഏത് അവസ്ഥയിലാണ് തിരികെ വന്നതെന്നും കണ്ടപ്പോൾ അവിടുത്തെ മനസ്സ് അല്ലാഹുവിനോടുള്ള നന്ദി കൊണ്ട് നിറയുകയും അവിടുന്ന് സജദ ചെയ്യുകയുമാണ് ഉണ്ടായത്.'

*(മൽഫൂസാത്ത്, വാല്യം 3, പേജ് 260)*

ഒരു നിവേദനത്തിൽ ഇങ്ങനെയുണ്ട്: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു, **ബദർ യുദ്ധദിവസം ഓരോ മൂന്നുപേർക്കും കൂടി ഒരു ഒട്ടകം വീതമാണ് ഉണ്ടായിരുന്നത്. ഹദ്റത്ത് അബൂ ലുബാബ(റ), ഹദ്റത്ത് അലി(റ) എന്നിവരായിരുന്നു തിരുനബി(സ)യുടെ സഹയാത്രികർ.** നബി(സ)യുടെ ഊഴം നടക്കാനായപ്പോൾ ആ രണ്ടുപേരും പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അവിടുന്ന് വാഹനത്തിൽ ഇരുന്നാലും, ഞങ്ങളുടെ ഊഴം നടക്കലായിക്കോളാം.' തിരുനബി(സ) പറഞ്ഞു: 'നിങ്ങൾ രണ്ടുപേരും എന്നേക്കാൾ നടക്കാൻ കരുത്തുള്ളവരല്ല, പ്രതിഫലത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെക്കാൾ അർഹതയില്ലാത്തവനുമല്ല (എനിക്കും പ്രതിഫലം വേണം).'

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 2, ഹദീസ്: 4009)*

മറ്റൊരു നിവേദനത്തിൽ: തിരുനബി(സ) തന്റെ സഹാബികളോടൊപ്പം യാത്രയിലായിരുന്നു. ഒരു ആടിനെ ഭക്ഷണത്തിനായി തയ്യാറാക്കാൻ അവിടുന്ന് നിർദ്ദേശിച്ചു. ഒരാൾ പറഞ്ഞു: 'യാ റസൂലല്ലാഹ്, ആടിനെ അറുക്കുന്നത് എന്റെ ചുമതലയാണ്.' മറ്റൊരാൾ പറഞ്ഞു: 'അതിന്റെ തൊലി കളയുന്നത് എന്റെ ചുമതലയാണ്.' വേറൊരാൾ പറഞ്ഞു: 'അത് പാകം ചെയ്യുന്നത് എന്റെ ചുമതലയാണ്.' അപ്പോൾ തിരുനബി(സ) പറഞ്ഞു: 'വിറക് ശേഖരിക്കുന്നത് എന്റെ ചുമതലയാണ്.' സഹാബികൾ(റ) പറഞ്ഞു: 'യാ റസൂലല്ലാഹ്, ഞങ്ങൾ അവിടുത്തെ സേവിക്കാൻ മതിയാകും.' അപ്പോൾ തിരുനബി(സ) പറഞ്ഞു: 'നിങ്ങൾ മതിയാകുമെന്ന് എനിക്കറിയാം, എങ്കിലും **എന്റെ സഹപ്രവർത്തകർക്കിടയിൽ ഞാൻ വേറിട്ടുനിൽക്കുന്നത് എനിക്ക് ഇഷ്ടമല്ല. കാരണം, തന്റെ സഹപ്രവർത്തകർക്കിടയിൽ പ്രമുഖനായി കാണപ്പെടുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല.' തുടർന്ന് അവിടുന്ന് എഴുന്നേറ്റ് വിറക് ശേഖരിക്കാൻ പോയി.**

*(താരീഖുൽ ഖമീസ്, വാല്യം 1, പേജ് 387,388)*

തിരുനബി(സ) തന്റെ വിനയം പ്രകടമാക്കാത്ത ഒരു സന്ദർഭവും ഉണ്ടായിരുന്നില്ല.

ഒരു നിവേദനത്തിൽ അസ്‌വദ് വിവരിക്കുന്നു, ഹദ്റത്ത് ആയിഷ(റ)യോട് ഞാൻ ചോദിച്ചു: 'തിരുനബി(സ) വീട്ടിൽ എന്താണ് ചെയ്യാറുള്ളത്?' അവർ പറഞ്ഞു: **'അവിടുന്ന് കുടുംബാംഗങ്ങളുടെ ജോലികളിൽ സഹായിക്കുമായിരുന്നു. നമസ്കാരത്തിന്റെ സമയം ആകുമ്പോൾ അവിടുന്ന് നമസ്കാരത്തിനായി പോകുമായിരുന്നു.'**

*(സ്വഹീഹുൽ ബുഖാരി, ഹദീസ്: 676)*

ഇത് വീട്ടിലെ ജോലികളിൽ നിന്ന് വിട്ടുനിൽക്കുന്ന പുരുഷന്മാർക്കുള്ള ഒരു പാഠമാണ്. ഭാര്യമാർക്ക് പരാതിപ്പെടാൻ അവസരം നൽകാതിരിക്കുക. അതുപോലെ ഹിഷാം ബിൻ ഉർവ തന്റെ പിതാവിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു: ഒരാൾ ഹദ്റത്ത് ആയിഷ(റ)യോട് ചോദിച്ചു: 'തിരുനബി(സ) വീട്ടിൽ ജോലി ചെയ്യാറുണ്ടായിരുന്നോ?' അവർ പറഞ്ഞു: **'അതെ! തിരുനബി(സ) തന്റെ ചെരുപ്പ് തുന്നിക്കെട്ടുമായിരുന്നു, വസ്ത്രം തുന്നുമായിരുന്നു, നിങ്ങളിൽ ഒരാൾ സ്വന്തം വീട്ടിൽ ജോലി ചെയ്യുന്നത് പോലെ വീട്ടിലെ ജോലികൾ ചെയ്യുമായിരുന്നു.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, ഹദീസ്: 25855)*

ഇതിൽ നിന്ന് മനസ്സിലാകുന്നത്, **സ്വഹാബികളും(റ) തിരുനബി(സ)യുടെ മാതൃക കണ്ട് തങ്ങളുടെ ഭാര്യമാരെ വീട്ടിലെ ജോലികളിൽ സഹായിക്കുമായിരുന്നു എന്നതാണ്.** എന്നാൽ വീട്ടിലെ ജോലിയുടെ പ്രധാന ഉത്തരവാദിത്തം ഭാര്യമാർക്കാണെന്നും ഇത് കേട്ട് പുരുഷന്മാർ തങ്ങളുടെ ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറരുത് എന്നും മനസ്സിലാക്കണം.

മറ്റൊരു നിവേദനത്തിൽ ഖാസിമിൽ നിന്ന് ഉദ്ധരിക്കുന്നു: ഹദ്റത്ത് ആയിഷ(റ)യോട് ചോദിക്കപ്പെട്ടു, തിരുനബി(സ) വീട്ടിൽ എന്തൊക്കെ ജോലികളാണ് ചെയ്തിരുന്നത്? അവർ പറഞ്ഞു: 'അവിടുന്ന് മനുഷ്യരിൽ വെച്ച് ഏറ്റവും ലളിതമായി ജീവിച്ച ഒരു മനുഷ്യനായിരുന്നു. തന്റെ വസ്ത്രങ്ങൾ അവിടുന്ന് തന്നെ വൃത്തിയാക്കുമായിരുന്നു, സ്വന്തം ആടിനെ കറക്കുമായിരുന്നു, സ്വന്തം ആവശ്യങ്ങൾ അവിടുന്ന് തന്നെ നിർവ്വഹിക്കുമായിരുന്നു.'

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, ഹദീസ്: 26724)*

ഹദ്റത്ത് അബൂ ബുർദ(റ)യുടെ മറ്റൊരു നിവേദനത്തിൽ കാണാം: അവിടുന്ന് കമ്പിളി വസ്ത്രം ധരിക്കുമായിരുന്നു, മൃഗങ്ങളെ കെട്ടുമായിരുന്നു, അതിഥികളെ ശ്രദ്ധിക്കാൻ സ്വയം പോകുമായിരുന്നു.

*(ദലാഇലുന്നുബുവ്വ, ലിൽ ബൈഹഖി, വാല്യം 1, പേജ് 329)*

അതിഥി സൽക്കാരവും അവിടുന്ന് തന്നെ ചെയ്യുമായിരുന്നു. വളരെ കടുപ്പമുള്ള വസ്ത്രമാണെങ്കിലും അവിടുന്ന് ധരിക്കുമായിരുന്നു, അവിടുത്തെ വസ്ത്രം വളരെ ലളിതമായിരുന്നു.

ഹദ്റത്ത് ആമിർ ബിൻ റബീഅ(റ) വിവരിക്കുന്നു: ഒരാൾ പറഞ്ഞു, **ഞാൻ തിരുനബി(സ)യോടൊപ്പം പള്ളിയിലേക്ക് നടക്കുമ്പോൾ അവിടുത്തെ ചെരുപ്പിന്റെ വള്ളി പൊട്ടി. ഞാൻ ആ ചെരുപ്പ് വാങ്ങി നന്നാക്കാൻ തുടങ്ങിയപ്പോൾ, അവിടുന്ന് എന്റെ കൈയിൽ നിന്ന് ചെരുപ്പ് വാങ്ങി പറഞ്ഞു: 'ഇത് പ്രത്യേക പരിഗണനയാണ് (Prefrential treatment), പ്രത്യേക പരിഗണന എനിക്ക് ഇഷ്ടമല്ല.'**

*(മജ്മഉസ്സവാഇദ്, ലിൽ ഹൈഥമി, വാല്യം 8, ഹദീസ്: 14232)*

ഹസൻ ബിൻ ഖാലിദും(റ), സുവാഅ് ബിൻ ഖാലിദും(റ) വിവരിക്കുന്നു: തിരുനബി(സ) തന്റെ വീടിന്റെയോ ഏതെങ്കിലും മതിലിന്റെയോ അറ്റകുറ്റപ്പണി നടത്തുമ്പോഴാണ് അവർ അവിടുത്തെ കാണാൻ വന്നത്.

*(സുബുലുൽ ഹുദാ വറഷാദ്, വാല്യം 7, പേജ് 36).*

സ്വന്തം കൈകൊണ്ട് വീട്ടിലെ ജോലികൾ ചെയ്യുകയായിരുന്നു അവിടുന്ന്.

അതുപോലെ സ്വഹീഹുൽ ബുഖാരിയിൽ മസ്ജിദുന്നബവിയുടെ നിർമ്മാണത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. അവിടുത്തെ ഒട്ടകം രണ്ട് ആൺകുട്ടികളുടെ ഭൂമിയിൽ വന്ന് നിന്നപ്പോൾ, 'ഈ സ്ഥലം നമുക്ക് അനുയോജ്യമാണ്' എന്ന് അവിടുന്ന് പറഞ്ഞു. ആ കുട്ടികൾ വിസമ്മതിച്ചിട്ടും ആ ഭൂമിയുടെ വില അവിടുന്ന് നൽകി. പള്ളി നിർമ്മാണം തുടങ്ങിയപ്പോൾ, അവിടുന്ന് ജനങ്ങളോടൊപ്പം ചേർന്ന് ഇഷ്ടികകൾ ചുമക്കാൻ തുടങ്ങി.

*(സ്വഹീഹുൽ ബുഖാരി, ഹദീസ്: 3906).*

**പള്ളി നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ ജോലികളിലും അവിടുന്ന് പങ്കെടുത്തു.**

അതുപോലെ ഹദ്റത്ത് ബറാഅ്

ബിൻ ആസിബ്(റ) വിവരിക്കുന്നു: ഖന്ദഖ് യുദ്ധദിവസം തിരുനബി(സ) മണ്ണ് ചുമക്കുന്നത് ഞാൻ കണ്ടു. മണ്ണ് അവിടുത്തെ നെഞ്ചിലെ രോമങ്ങളെ മറയ്ക്കും വിധം (അത്രയും മണ്ണ്) ഉണ്ടായിരുന്നു.

*(സ്വഹീഹുൽ ബുഖാരി, ഹദീസ്: 3034)*

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു: ഞാൻ അബ്ദുല്ലാഹ് ബിൻ അബൂ ത്വൽഹയെ, നവജാത ശിശുവിന് തേൻ നൽകാനായി തിരുനബി(സ)യുടെ അടുക്കൽ കൊണ്ടുപോയി. **ആ സമയത്ത് അവിടുന്ന് ജോലി ചെയ്യുന്നതായി ഞാൻ കണ്ടു. അവിടുത്തെ കയ്യിൽ മൃഗങ്ങളെ അടയാളപ്പെടുത്തുന്ന (ബ്രാൻഡിംഗ്) ഉപകരണം ഉണ്ടായിരുന്നു. സകാത്തിന്റെ ഒട്ടകങ്ങളെ അവിടുന്ന് അടയാളപ്പെടുത്തുകയായിരുന്നു.**

*(സ്വഹീഹുൽ ബുഖാരി, ഹദീസ്: 1502).*

സഹായികളെ വിളിക്കാതെ, ജോലി ചെയ്യാൻ അവസരം ലഭിക്കുമ്പോൾ അത് സ്വയം ചെയ്യുന്ന ശീലമായിരുന്നു നബി(സ) അനുവർത്തിച്ചത്.

ഒരു നിവേദനത്തിൽ കാണാം: ഹദ്റത്ത് അബൂ ഉമാമ അൽ ബാഹിലി (റ) വിവരിക്കുന്നു, തിരുനബി(സ) ഒരു വടിയുടെ സഹായത്തോടെ ഞങ്ങളുടെ അടുക്കൽ വന്നു. അവിടുത്തെ കണ്ടപ്പോൾ ഞങ്ങൾ എഴുന്നേറ്റുനിന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'പേർഷ്യക്കാർ അവരുടെ നേതാക്കൾക്ക് വേണ്ടി ചെയ്യുന്നതുപോലെ നിങ്ങൾ ചെയ്യരുത്.' ഞങ്ങൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കണമേ.' അപ്പോൾ അവിടുന്ന് പ്രാർത്ഥിച്ചു:

اَللّٰهُمَّ اغْفِرْلَنَا وَارْحَمْنَا وَارْضَ عَنَّا وَتَقَبَّلْ مِنَّا
وَاَدْخِلْنَا الْجَنَّةَ وَنَجِّنَا مِنَ النَّارِ وَاَصْلِحْ لَنَا
شَاْنَنَا كُلَّهُ۔

(അല്ലാഹുവേ, ഞങ്ങൾക്ക് പൊറുത്തുതരേണമേ, ഞങ്ങളോട് കരുണ കാണിക്കേണമേ, ഞങ്ങളിൽ സംപ്രീതനാകേണമേ, ഞങ്ങളിൽ നിന്ന് സ്വീകരിക്കേണമേ, ഞങ്ങളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ, നരകത്തിൽ നിന്ന് രക്ഷിക്കേണമേ, ഞങ്ങളുടെ എല്ലാ കാര്യങ്ങളും നന്നാക്കിത്തരേണമേ).

റിപ്പോർട്ടർ പറയുന്നു, അവിടുന്ന് കൂടുതൽ പ്രാർത്ഥിക്കണമെന്ന് ഞങ്ങൾ ആഗ്രഹിച്ചു. അവിടുന്ന് ചോദിച്ചു: 'നിങ്ങൾക്ക് വേണ്ട എല്ലാ കാര്യങ്ങളും ഞാൻ ഈ പ്രാർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടില്ലേ?' അതായത്, വളരെ സമഗ്രമായ പ്രാർത്ഥനയാണത്, അത് നിങ്ങൾ ചൊല്ലിക്കൊണ്ടിരിക്കുക.

*(സുനനു ഇബ്നു മാജ, ഹദീസ്: 3836)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: **'തിരുനബി(സ)യുടെ വിനയം എത്രത്തോളമെന്നാൽ, അവിടുന്ന് തന്റെ അടുക്കലേക്ക് വരുമ്പോൾ ആളുകൾ എഴുന്നേറ്റ് നിൽക്കുന്നത് അവിടുന്ന് വിലക്കുമായിരുന്നു. അവിടുന്ന് പറയുമായിരുന്നു: 'ഇത് ഇറാനികളുടെ ശീലമാണ്, ഞാൻ രാജാവല്ല, മറിച്ച് അല്ലാഹു എന്നെ നബിയായാണ് നിയോഗിച്ചിരിക്കുന്നത്.'**

*(തഫ്സീറെ കബീർ, വാല്യം 15, പേജ് 157, 2023 പതിപ്പ്)*

അതുകൊണ്ട്, **തിരുനബി(സ)യുടെ വിനയത്തിന്റെ നിലവാരം മറ്റൊരിടത്തും കാണാൻ കഴിയാത്തത്ര അത്യുന്നതമായിരുന്നു.** നാം അല്ലാഹുവിന്റെ സാമീപ്യം നേടാൻ ആഗ്രഹിക്കുന്നുവെങ്കിൽ പിന്തുടരേണ്ട മാതൃക ഇതാണ്.

തിരുനബി(സ)യുടെ ഈ മാതൃകയുടെ വെളിച്ചത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് ഉപദേശം നൽകുന്നു:

'എന്റെ അഭിപ്രായത്തിൽ ശുദ്ധനാകാനുള്ള ഏറ്റവും നല്ല മാർഗ്ഗമാണിത്; ഇതിനേക്കാൾ മികച്ച മറ്റൊരു മാർഗ്ഗം ലഭിക്കുക അസാധ്യമാണ്. അഥവാ, മനുഷ്യൻ ഒരു തരത്തിലുള്ള അഹങ്കാരമോ വീമ്പു പറച്ചിലോ കാണിക്കരുത്. അറിവിനെക്കുറിച്ചോ, കുടുംബത്തെക്കുറിച്ചോ, സമ്പത്തിനെക്കുറിച്ചോ ഉള്ള അഹങ്കാരം അരുത്. അല്ലാഹു ഒരു വ്യക്തിക്ക് കാഴ്ച നൽകിയാൽ, ആ ഇരുട്ടിൽ നിന്ന് രക്ഷിക്കാൻ ആകാശത്ത് നിന്ന് മാത്രമേ പ്രകാശം വരികയുള്ളൂ എന്നും, മനുഷ്യൻ എപ്പോഴും ആകാശത്തുനിന്നുള്ള ആ പ്രകാശത്തെ ആശ്രയിച്ചാണ് കഴിയുന്നതെന്നും അവൻ മനസ്സിലാക്കും. സൂര്യപ്രകാശം ലഭിച്ചില്ലെങ്കിൽ കണ്ണിന് കാണാൻ കഴിയില്ല. അതുപോലെ, എല്ലാത്തരം ഇരുട്ടുകളെയും അകറ്റുകയും പകരം തഖ്‌വയും (ഭയഭക്തിയും) വിശുദ്ധിയും എന്ന വെളിച്ചം നൽകുകയും ചെയ്യുന്ന ആന്തരികമായ പ്രകാശം ആകാശത്ത് നിന്ന് തന്നെയാണ് വരുന്നത്.

**ഞാൻ സത്യം സത്യമായും പറയുന്നു, മനുഷ്യന്റെ തഖ്‌വ, വിശ്വാസം, ആരാധന, വിശുദ്ധി എല്ലാം വാനലോകത്തു നിന്ന് വരുന്നതാണ്. അത് അല്ലാഹുവിന്റെ ഔദാര്യത്തെ ആശ്രയിച്ചിരിക്കുന്നു; അവൻ ഉദ്ദേശിച്ചാൽ അത് നിലനിർത്തും, അല്ലെങ്കിൽ അത് നീക്കം ചെയ്യും.**

അതുകൊണ്ട്, യഥാർത്ഥ 'മഅ്രിഫത്ത്' (ദൈവജ്ഞാനം) എന്ന് പറയുന്നത്, മനുഷ്യൻ തന്റെ അസ്തിത്വത്തെ ഇല്ലാത്തതായി കണക്കാക്കി, ദൈവീകമായ ചൈതന്യത്തിന് മുന്നിൽ വീണു കിടന്ന്, വിനയത്തോടും എളിമയോടും കൂടി അല്ലാഹുവിന്റെ ഔദാര്യം തേടുന്നതാണ്. മനസ്സിന്റെ വികാരങ്ങളെ ദഹിപ്പിക്കുകയും ഉള്ളിൽ നന്മകൾക്കായി ശക്തിയും ഉഷ്ണവും (ആവേശവും) പകരുന്ന ആ ജ്ഞാനപ്രകാശം അല്ലാഹുവിനോട് ചോദിച്ചു വാങ്ങുക.

പിന്നെ, അവന്റെ ഔദാര്യം കൊണ്ട് അതിൽ നിന്ന് ഒരു വിഹിതം ലഭിക്കുകയും മനസ്സിന് വികാസം ലഭിക്കുകയും ചെയ്താൽ, അതിൽ അഹങ്കരിക്കുകയോ അഭിമാനിക്കുകയോ ചെയ്യരുത്. മറിച്ച്, അവന്റെ വിനയവും എളിമയും ഇനിയും വർദ്ധിക്കുകയാണ് വേണ്ടത്. കാരണം, താൻ ഒന്നുമല്ല എന്ന് എത്രത്തോളം അവൻ കരുതുന്നുവോ അത്രത്തോളം അല്ലാഹുവിൽ നിന്ന് പ്രകാശങ്ങളും അവസ്ഥകളും അവനിലേക്ക് ഇറങ്ങിവരും. അവൻ ഈ വിശ്വാസത്തിൽ ഉറച്ചുനിന്നാൽ അല്ലാഹുവിന്റെ ഔദാര്യം കൊണ്ട് അവന്റെ ധാർമ്മിക അവസ്ഥ മെച്ചപ്പെടും. ലോകത്ത് തന്നെത്താൻ എന്തോ ആണെന്ന് കരുതുന്നതും അഹങ്കാരമാണ്, അത് മനുഷ്യനെ വഴിതെറ്റിക്കുന്നു. അങ്ങനെയുള്ള അവസ്ഥയിൽ മനുഷ്യൻ മറ്റുള്ളവരെ ശപിക്കുകയും അവരെ നിസ്സാരരായി കാണുകയും ചെയ്യുന്നു.'

*(മൽഫൂസാത്ത്, വാല്യം 7, പേജ് 59,60, 2022 പതിപ്പ്)*

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'മനുഷ്യൻ, ഒരു നിസ്സാര സൃഷ്ടിയാണെന്നിരിക്കെ, സ്വന്തം കർമ്മദോഷത്താൽ തന്നെത്താൻ വലിയവനായി കരുതാൻ തുടങ്ങുന്നു. അവനിൽ അഹങ്കാരവും ഗർവും കടന്നുവരുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തന്നെത്താൻ ഏറ്റവും ചെറിയവനായി കാണാത്ത കാലത്തോളം ഒരു മനുഷ്യനും മോചനം ലഭിക്കില്ല.' ഇന്ത്യയിലെ ഒരു സൂഫി കവിയായിരുന്ന കബീർ (ഭഗത് കബീർ) പറയുന്നു: 'കബീർ പറഞ്ഞത് സത്യമാണ്:

**ഭലാ ഹുവാ ഹം നീച്ച് ഭലേ**
**ഹർ കോ കിയാ സലാം**
**ജേ ഹോതേ ഘർ ഊഞ്ച് കേ**
**മിൽതാ കഹാ ഭഗവാൻ**

അതായത്, അല്ലാഹുവിന് സ്തുതി, ഞാൻ ഒരു ചെറിയ കുടുംബത്തിൽ ജനിച്ചു എന്നത് നന്നായി. ഞാൻ ഉയർന്ന കുടുംബത്തിൽ ജനിച്ചിരുന്നെങ്കിൽ എനിക്ക് ദൈവത്തെ ലഭിക്കില്ലായിരുന്നു.

ആളുകൾ സ്വന്തം ഉന്നതകുല മഹിമയിൽ അഹങ്കരിക്കുമ്പോൾ, കബീർ താൻ നെയ്ത്തുകാരനായ (നെയ്ത്ത് തൊഴിലാളി) തന്റെ അവസ്ഥയെ ഓർത്ത് അല്ലാഹുവിന് നന്ദി പറയുന്നു. അതിനാൽ, **താൻ എത്ര നിസ്സാരനാണ് എന്ന് മനുഷ്യൻ എപ്പോഴും ചിന്തിക്കണം. എന്റെ അസ്തിത്വം എന്താണ്?** ഏത് മനുഷ്യനും, എത്ര ഉന്നതകുല ജാതനാണെങ്കിലും, കണ്ണുള്ളവനാണെങ്കിൽ സ്വന്തം അവസ്ഥയെക്കുറിച്ച് ചിന്തിക്കുമ്പോൾ തീർച്ചയായും ലോകത്തിലെ മറ്റെല്ലാ കാര്യങ്ങളെക്കാളും താൻ എത്ര നിസ്സാരനും ഒന്നുമല്ലാത്തവനുമാണെന്ന് ബോധ്യപ്പെടും.

**ഒരു പാവപ്പെട്ട, അനാഥയായ വൃദ്ധയോട്, ഒരു ഉയർന്ന പദവിയിലുള്ള ഉന്നതകുലജാതനോട് പെരുമാറുന്നത് പോലെ പെരുമാറാത്ത കാലത്തോളം, അല്ലെങ്കിൽ എല്ലാവിധ അഹങ്കാരത്തിൽ നിന്നും ഗർവിൽ നിന്നും തന്നെത്താൻ രക്ഷിക്കാത്ത കാലത്തോളം, ആർക്കും അല്ലാഹുവിന്റെ രാജത്വത്തിൽ പ്രവേശിക്കാൻ കഴിയില്ല.'**

*(മൽഫൂളാത്ത്, വാല്യം 5, പേജ് 138, 2022 പതിപ്പ്)*

**അല്ലാഹുവിനെ കണ്ടെത്തണമെങ്കിൽ വിനയം അനിവാര്യമായ നിബന്ധനയാണ്.**

വിനയത്തിന്റെ ഈ യാഥാർത്ഥ്യം മനസ്സിലാക്കാനും തിരുനബി(സ)യുടെ മാതൃക എപ്പോഴും മുന്നിൽ കണ്ടുകൊണ്ട് ജീവിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ.

**ലജ്ന ഇമാഇല്ലാഹ് ഭാരത്**

## ദേശീയ ഇജ്തിമാഅ്

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് **2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)** തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരിമാർ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക. അല്ലാഹു പരമാവധി ലജ്ന, നാസിറാത്ത് അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

(സദ്ർ ലജ്ന ഇമാഇല്ലാഹ് ഭാരത്)

AL-ISLAM
The Official Website of
the Ahmadiyya Muslim Community

പേജ് 2 ൽ നിന്ന്

സദ്ർ അഞ്ചുമൻ അഹ്മദിയ്യ റബ്വയുടെ വാർഷിക റിപ്പോർട്ടുകളിലും ഇതിനെക്കുറിച്ച് പരാമർശമുണ്ട്. *(അൽഫദ്ൽ റബ്വ, തീയതി 17 മാർച്ച് 1957, പേജ് 8; അൽഫദ്ൽ റബ്വ, തീയതി 20 ഏപ്രിൽ 1958, പേജ് 4; സദ്ർ അഞ്ചുമൻ അഹ്മദിയ്യ റബ്വയുടെ 195758 വാർഷിക റിപ്പോർട്ട്, പേജ് 58).*

കൂടാതെ, ഈ സമാഹാരത്തിന്റെ പ്രസിദ്ധീകരണം ആരംഭിക്കുന്നതിന് മുൻപ് **'അൽഫദ്‌ലിൽ അശ്ശർക്കത്തുൽ ഇസ്‌ലാമിയ്യ ലിമിറ്റഡ്'** തൽസംബന്ധമായി ഒരു അറിയിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഈ വിജ്ഞാന സമാഹാരത്തെക്കുറിച്ച് ഇങ്ങനെ പരാമർശിച്ചിരിക്കുന്നു: അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ഇപ്രകാരം പറഞ്ഞു: **'ഉക്തുബ് വൽ യത്ബഅ് വൽ യുർസൽ ഫിൽ അർള്',** അതായത്, താങ്കൾക്ക് നൽകപ്പെട്ട ഈ ജ്ഞാനങ്ങളും അറിവുകളും എഴുതിവെക്കുക, പിന്നീട് അത് അച്ചടിക്കുകയും ജനങ്ങളിലേക്ക് അയച്ചു കൊടുക്കുകയും ചെയ്യുക.

അശ്ശർക്കത്തുൽ ഇസ്‌ലാമിയ്യ ലിമിറ്റഡ് സ്ഥാപിച്ചതിന്റെ യഥാർത്ഥ ലക്ഷ്യം വിശുദ്ധ ഖുർആനിലെ വിജ്ഞാനങ്ങൾ പ്രചരിപ്പിക്കുക എന്നതും, ഈ കാലഘട്ടത്തിലെ പരിഷ്കർത്താവായ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് അല്ലാഹു നൽകിയ ഈ വിജ്ഞാനപരവും ആത്മീയവുമായ ഖസാഇൻ (നിധികൾ) പ്രചരിപ്പിക്കുക എന്നതുമാണ്. അദ്ദേഹം (അ) പറയുന്നു:

وہ خزائن جو ہزاروں سال سے مدفون تھے

اب میں دیتا ہوں اگر کوئی ملے امیدوار

(ആയിരക്കണക്കിന് വർഷങ്ങളായി മറഞ്ഞു
കിടന്ന ആ നിധികളെ,

ഇപ്പോൾ ഞാൻ നൽകുന്നു, അർഹരായവർ
ആരെങ്കിലും ഉണ്ടെങ്കിൽ)

അതുകൊണ്ട്, അശ്ശർക്കത്തുൽ ഇസ്‌ലാമിയ്യ ലിമിറ്റഡിന്റെ ഓഹരികൾ വാങ്ങുന്ന സുഹൃത്തുക്കൾ തീർച്ചയായും മുകളിൽ പറഞ്ഞ ദൈവിക കല്പനയിലെ അല്ലാഹുവിന്റെ ആ ഉദ്ദേശ്യം പൂർത്തീകരിക്കുകയാണ് ചെയ്യുന്നത്. (അൽഫദ്ൽ, 23 ജൂലൈ 1956, പേജ് 7).

ഈ വിജ്ഞാനപരവും ആത്മീയവുമായ പ്രവർത്തനം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിന്റെ ഭരണകാലത്താണ് ആരംഭിച്ചത് എന്നതുകൊണ്ട്, ഈ വിജ്ഞാന സമാഹാരത്തിന് 'റൂഹാനി ഖസാഇൻ' എന്ന് പേര് നൽകിയതും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിന്റെ അംഗീകാരത്തോടും നിർദ്ദേശത്തോടും കൂടി തന്നെയാണെന്ന് ഉറപ്പിച്ചു പറയാം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുകളിൽ പരാമർശിച്ച കവിത ശകലവും ഈ പേര് വെക്കുന്നതിന് പ്രേരണയായിട്ടുണ്ടാകാം. *(അവ: അൽഫദ്ൽ ഇന്റർനാഷണൽ, 2025 മാർച്ച് 29)*

### ബദ്ർ ലക്കങ്ങൾ സൂക്ഷിച്ചുവെക്കുക!

ബദ്ർ പത്രം ആത്മീയ ഭൗതിക വിജ്ഞാനങ്ങളുടെ ഒരു കലവറയാണ്. ഇത് സമുദായത്തിന്റെ അഭിലാഷങ്ങളെയും ആവശ്യങ്ങളെയും നിറവേറ്റുന്നു. ബദ്റിൽ ഖുർആനിക വചനങ്ങൾ, തിരുനബി(സ)യുടെ ഹദീസുകൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രഭാഷണങ്ങൾ, രചനകൾ എന്നിവ കൂടാതെ ധാരാളം ദീനീ വിഷയങ്ങളും പ്രസിദ്ധീകരിക്കുന്നു. അവ വായിക്കുക, മറ്റുള്ളവരിലേക്ക് എത്തിക്കുക, അവ പ്രാവർത്തികമാക്കുക, മാത്രമല്ല അവയിലൂടെ കുട്ടികളുടെ ധാർമിക പരിപോഷണവും നമ്മുടെ കടമയാണ്. ഈ ലക്ഷ്യങ്ങളെല്ലാം കൈവരിക്കുന്നതിനായി ബദ്ർ പത്രം സൂക്ഷിക്കേണ്ടതും നമ്മുടെ പ്രധാന ഉത്തരവാദിത്തമാണ്.

ദീനീ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഈ വിവരങ്ങളെ ജമാഅത്ത് അംഗങ്ങൾ മറ്റു പത്രങ്ങൾക്കൊപ്പം വിൽക്കുന്നത് ഇതിന്റെ ആദരവിനെ വ്രണപ്പെടുത്തുന്നതിന് തുല്യമാണ്. എന്തെങ്കിലും കാരണവശാൽ സംരക്ഷിക്കാൻ സാധ്യമല്ലെങ്കിൽ, വിശുദ്ധ രചനകൾക്ക് അനാദരവ് സംഭവിക്കാതിരിക്കാനും ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾക്ക് കാരണമാകാതിരിക്കാനും അതീവ ശ്രദ്ധയോടെ അവ നീക്കം ചെയ്യുക. ജമാഅത്ത് അംഗങ്ങൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുമെന്നും, ഇതിൽ നിന്ന് പൂർണ്ണമായി പ്രയോജനം കരസ്ഥമാക്കുന്നതോ ടൊപ്പം മേൽ കാര്യങ്ങൾ ശ്രദ്ധിക്കുമെന്നും പ്രതീക്ഷിക്കുന്നു. (എഡിറ്റോറിയൽ ബോർഡ്)

പേജ് 1 ൽ നിന്ന് **ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പാഠങ്ങൾ:**

അവസ്ഥയായാലും, ദുഷിച്ച പ്രവൃത്തികളായാലും, അല്ലെങ്കിൽ അശ്രദ്ധയും മടിയുമായാലും അവർ (അതിൽ നിന്ന്) തങ്ങളെത്തന്നെ ദൂരേക്ക് മാറ്റുന്നു. എന്നാൽ നിർഭാഗ്യവാനായ യസീദിന് ഈ ഗുണങ്ങൾ എങ്ങനെയാണ് ലഭിക്കുക? ലൗകികതയോടുള്ള പ്രേമം അവനെ അന്ധനാക്കിയിരുന്നു. എന്നാൽ ഹുസൈൻ(റ) പരിശുദ്ധനും പവിത്രനുമായിരുന്നു. അല്ലാഹു തന്റെ കരങ്ങളാൽ ശുദ്ധീകരിക്കുകയും തന്റെ പ്രേമം കൊണ്ട് നിറയ്ക്കുകയും ചെയ്ത വിശിഷ്ട വ്യക്തികളിൽ ഒരാളാണ് അദ്ദേഹം എന്നതിൽ സംശയമില്ല. അദ്ദേഹം സ്വർഗ്ഗവാസികളുടെ നേതാക്കളിൽ ഒരാളാണെന്നതും നിസ്തർക്കമാണ്. അദ്ദേഹത്തോട് ഒരു കണിക പോലും വിദ്വേഷം വെച്ചുപുലർത്തുന്നത് ഈമാൻ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ഈ ഇമാമിന്റെ തഖ്‌വയും, ദൈവപ്രേമവും, ക്ഷമയും, സ്ഥിരതയും, ഭൗതിക വിരക്തിയും, ആരാധനയും നമുക്ക് ഉത്തമ മാതൃകയാണ്.'

*(മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം 3, പേജ്: 548 മുതൽ 550 വരെ, ഇശ്തിഹാർ നമ്പർ 263, പ്രസിദ്ധീകരണം : അശ്ശർക്കത്തുൽ ഇസ്‌ലാമിയ്യ: റബ്‌വ)*

ജാനോ ദിലം ഫിദായെ ജമാലെ മുഹമ്മദ് അസ്ത്

ഖാകം നിസാറെ കൂചയെ ആലെ മുഹമ്മദ് അസ്ത്

(എന്റെ ആത്മാവും ഹൃദയവും മുഹമ്മദ് നബി(സ)യുടെ സൗന്ദര്യത്തിന് മുന്നിൽ തെണ്ടമാകുന്നു. എന്റെ ഭൗതിക ശരീരം മുഹമ്മദിയ്യാ കുടുംബത്തിന്റെ തെരുവിൽ സമർപ്പതമാണ്.) *(ദുർറുമീൻ ഫാർസി, പേജ് 89)*

പേജ് 1 ൽ നിന്ന് **തഫ്സീർ:**

ഇമാം ഹുസൈൻ(റ)വിന് സംഭവിച്ച കാര്യത്തിന് അല്ലാഹു എങ്ങനെയാണ് പ്രതികാരം ചെയ്തതെന്ന് നോക്കൂ. യസീദിന്റെ മരണശേഷം അയാളുടെ മകനെ രാജാവാക്കി. അയാൾ ചെയ്ത ആദ്യത്തെ കാര്യമെന്തെന്നാൽ ജനങ്ങളെ ഒരുമിച്ച് കൂട്ടി പറയുഞ്ഞു: 'ജനങ്ങളേ, നിങ്ങൾ എന്നെ രാജാവാക്കി, പക്ഷേ ഞാൻ അതിന് അർഹനല്ല. എന്നെക്കാൾ അർഹരായവർ ഇവിടെയുണ്ട്. അവരെ നിങ്ങൾ രാജാവാക്കിക്കൊള്ളുക. അവരെ ആക്കുന്നില്ലെങ്കിൽ ഈ ഖിലാഫത്ത് ഇവിടെയുണ്ട്.' അവർ അയാളെ ഏറെ നിർബന്ധിച്ചെങ്കിലും, അങ്ങേയറ്റം സദ്‌വൃത്തനായ യസീദിന്റെ മകൻ പറഞ്ഞു: 'ഞാൻ ഇതിന് അർഹനല്ല'. വീട്ടിലെത്തിയപ്പോൾ വീട്ടുകാർ പറഞ്ഞു: 'നീ നമ്മുടെ കുടുംബത്തിന്റെ മൂക്കറുത്തല്ലോ (അപമാനിച്ചല്ലോ)'. അദ്ദേഹം മറുപടി നൽകി: 'ഞാൻ മൂക്കറുക്കുകയല്ല, മറിച്ച് മൂക്ക് വെച്ചുപിടിപ്പിക്കുകയാണ് ചെയ്തത്'. ഇപ്രകാരമാണ് അല്ലാഹു ഇമാം ഹുസൈൻ(റ)വിന്റെ കാര്യത്തിൽ പ്രതികാരം ചെയ്തത്.'

*(അൽഫദ്ൽ റബ്‌വ, തീയതി: 1960 ജൂലൈ 5, പേജ് 3).*

### മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്

## ദേശീയ ഇജ്തിമാഅ്

*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി അൻസാർ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)*

### • ഹദീഥുന്നബ്‌വി ﷺ •




**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

### • ഹദീഥുന്നബ്‌വി ﷺ •

**"ഊസ്വീക്കും ബിൽജാരി."**
**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്**
**ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

## സീറത്തുൽ മഹ്ദി(അ)

വിവ: എ.നാസിർ

### ഹദ്റത്ത് മസീഹ് മൗഊദ്(അ) കൊടുത്ത കേസ്

ഓരോ വ്യക്തിയുടെയും സ്വപ്നങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും പലപ്പോഴും അത് രേഖപ്പെടുത്തി വെക്കുകയും ചെയ്യുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പതിവായിരുന്നു. ഉദാഹരണത്തിന്, ഒരിക്കൽ മിർസാ കമാലുദ്ദീനും മറ്റും പള്ളിയുടെ താഴത്തെ വഴി മതിലുകെട്ടി അടച്ചപ്പോൾ അഹ്മദികൾക്ക് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുകയും, ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയമപരമായ നടപടികൾ സ്വീകരിക്കാൻ നിർബന്ധിതനാകുകയും ചെയ്തു. (ഈ സന്ദർഭത്തിലല്ലാതെ, മറ്റൊരിക്കലും അദ്ദേഹം ആർക്കെതിരെയും സ്വയം കേസ് ഫയൽ ചെയ്തിട്ടില്ല). ആ മതിൽ തകർക്കപ്പെടുന്നതായും തകർന്ന ഭാഗത്തിന് മുകളിലൂടെ ഞാൻ നടന്നുപോകുന്നതായും ഞാൻ സ്വപ്നം കണ്ടു. ഞാൻ ഇത് അദ്ദേഹത്തോട് വിവരിച്ചു, അദ്ദേഹം വളരെ ശ്രദ്ധയോടെ അത് കേൾക്കുകയും കുറിച്ചുവെക്കുകയും ചെയ്തു. ആ സമയത്ത് ഞാൻ തീർത്തും കുട്ടിയായിരുന്നു.

### സ്വപ്ന പൂർത്തീകരണം

1905ലെ വലിയ ഭൂകമ്പം ഉണ്ടായ ദിവസങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) താമസത്തിനായി തോട്ടത്തിലേക്ക് മാറിയിരുന്നു. ആ ദിവസങ്ങളിൽ മുഫ്തി മുഹമ്മദ് സാദിഖ് സാഹിബിൻറെ മകൻ മുഹമ്മദ് മൻസൂർ (അന്ന് അദ്ദേഹം തീരെ ചെറിയ കുട്ടിയായിരുന്നു) ധാരാളം ആടുകളെ അറുക്കുന്നതായി സ്വപ്നം കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇതിനെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ, അദ്ദേഹം പല ആടുകളെയും വരുത്തി സ്വദഖ നൽകി. തുടർന്ന് പല ആളുകളും ഹുസൂർ(അ)നെ അനുകരിക്കുകയുണ്ടായി. ആ സമയത്ത് തോട്ടത്തിൽ നൂറിലധികം ആടുകളെ അറുത്തിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു.

### തോട്ടത്തിലെ താമസം

1905ലെ ഭൂകമ്പം ഉണ്ടായപ്പോൾ ഞാൻ കുട്ടിയായിരുന്നു. നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ നഗരത്തിലുള്ള വീടിനോട് ചേർന്നുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ൻറെ വീടിന്റെ ഭാഗത്ത് ഞങ്ങൾ മറ്റ് കുട്ടികളോടൊപ്പം കട്ടിലുകളിൽ കിടന്നുറങ്ങുകയായിരുന്നു. ഭൂകമ്പം ഉണ്ടായപ്പോൾ ഞങ്ങൾ എല്ലാവരും പേടിച്ച് പരിഭ്രാന്തരായി എഴുന്നേറ്റു, എന്താണ് സംഭവിക്കുന്നതെന്ന് ഞങ്ങൾക്ക് യാതൊരു അറിവുമുണ്ടായിരുന്നില്ല. മുറ്റത്തെത്തിയപ്പോൾ മുകളിൽ നിന്ന് കല്ലുകളും മണ്ണും വീഴുന്നുണ്ടായിരുന്നു. ഞങ്ങൾ ഓടി വലിയ വീട്ടിലേക്ക് എത്തി. അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഞങ്ങളുടെ ഉമ്മയും മുറിയിൽ നിന്ന് പുറത്തിറങ്ങുകയായിരുന്നു. ഞങ്ങൾ അങ്ങോട്ട് ചെന്നപാടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പിടിക്കുകയും അദ്ദേഹത്തെ കെട്ടിപ്പിടിക്കുകയും ചെയ്തു. ആ സമയത്ത് അദ്ദേഹവും അസ്വസ്ഥനായിരുന്നു, വലിയ അങ്കണത്തിലേക്ക് പോകാൻ ആഗ്രഹിച്ചിരുന്നുവെങ്കിലും എല്ലാ ഭാഗത്തുനിന്നും കുട്ടികളും ഉമ്മയും അദ്ദേഹത്തെ ചുറ്റിപ്പിടിച്ചിരുന്നു. അങ്ങോട്ടും ഇങ്ങോട്ടും വലിക്കുകയാണ്, അദ്ദേഹം എല്ലാവരുടെയും നടുവിലായിരുന്നു. ഒടുവിൽ വലിയ പ്രയാസപ്പെട്ട് അദ്ദേഹവും അദ്ദേഹത്തോട് ഒട്ടിപ്പിടിച്ച് ഞങ്ങളും വലിയ മുറ്റത്തെത്തി. അപ്പോഴേക്കും ഭൂകമ്പത്തിൻറെ ചലനങ്ങൾ ദുർബലമായിക്കഴിഞ്ഞിരുന്നു. കുറച്ചു സമയത്തിന് ശേഷം അദ്ദേഹം ഞങ്ങളെയും കൂട്ടി തന്റെ തോട്ടത്തിലേക്ക് പോയി. മറ്റ് അഹ്മദികളും തങ്ങളുടെ സാധനസാമഗ്രികളുമായി തോട്ടത്തിൽ എത്തിച്ചേർന്നു. അവിടെ ആവശ്യാനുസരണം ചില മൺവീടുകൾ നിർമ്മിക്കുകയും ചില കൂടാരങ്ങൾ വരുത്തുകയും ചെയ്തു. തുടർന്ന് ഞങ്ങൾ എല്ലാവരും ഒരു വലിയ കാലയളവ് തോട്ടത്തിൽ താമസിച്ചു. ആ ദിവസങ്ങളിൽ മദ്രസയും അവിടെ തന്നെയായിരുന്നു നടന്നിരുന്നത്. ചുരുക്കത്തിൽ, തോട്ടത്തിൽ ഒരു നഗരം തന്നെ ഉടലെടുത്തു. സുബ്ഹാനല്ലാഹ്! എന്തൊരു (രസകരമായ) കാലമായിരുന്നു അത്!

### ഖസർ നമസ്കാരം

ഖാസി അമീർ ഹുസൈൻ സാഹിബ് വിവരിക്കുന്നു, യാത്രയിൽ നമസ്കാരം ഖസ്റാക്കുന്നത് (ചുരുക്കുന്നത്) സാധാരണ സാഹചര്യങ്ങളിൽ അനുവദനീയമല്ലെന്നും, യുദ്ധാവസ്ഥയിൽ കുഴപ്പങ്ങളെ ഭയപ്പെടുമ്പോൾ മാത്രം അനുവദനീയമാണെന്നും ഞാൻ തുടക്കത്തിൽ വിശ്വസിച്ചിരുന്നു. ഇക്കാര്യത്തിൽ മൗലവി സാഹിബുമായി (ഹദ്റത്ത് ഖലീഫ ഒന്നാമൻ) ഞാൻ ധാരാളം തർക്കിക്കാറുണ്ടായിരുന്നു. ഖാസി സാഹിബ് വിവരിക്കുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഗർദാസ്പൂരിലെ കേസ് നടക്കുന്ന ദിവസങ്ങളിൽ ഒരിക്കൽ ഞാനും അവിടെ പോയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം അവിടെ മൗലവി സാഹിബും (ഹദ്റത്ത് ഖലീഫ ഒന്നാമൻ) മൗലവി അബ്ദുൽ കരീം സാഹിബും ഉണ്ടായിരുന്നു. ളുഹർ നമസ്കാരത്തിൻറെ സമയമായപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു, 'ഖാസി സാഹിബ്, താങ്കൾ നമസ്കാരത്തിന് ഇമാമത്ത് വഹിക്കണം.' എനിക്ക് ഇന്ന് അവസരം ലഭിച്ചിരിക്കുന്നുവെന്നും, ഈ വിഷയത്തിൽ ഒരു തീരുമാനമുണ്ടാകാൻ ഞാൻ ഖസ്റാക്കാതെ പൂർണ്ണമായിത്തന്നെ നമസ്കരിക്കുമെന്നും ഞാൻ മനസ്സിൽ ഉറപ്പിച്ചു. ഖാസി സാഹിബ് വിവരിക്കുന്നു, ഞാൻ ഖസ്റാക്കില്ല എന്ന് മനസ്സിൽ കരുതി കൈകൾ ഉയർത്തിയപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) എൻറെ പിന്നിലായി വലതുവശത്ത് നിൽപ്പുണ്ടായിരുന്നു. അദ്ദേഹം ഉടൻ തന്നെ മുന്നോട്ട് കാൽവെച്ച് എൻറെ ചെവിക്ക് അരികിൽ വന്ന് പറഞ്ഞു, 'ഖാസി സാഹിബ്, രണ്ടല്ലേ നമസ്കരിക്കൂ?' ഞാൻ പറഞ്ഞു, 'ഹുസൂർ, രണ്ട് തന്നെ നമസ്കരിക്കും.' അപ്പോൾ മുതൽ നമ്മുടെ പ്രശ്നം പരിഹരിക്കപ്പെടുകയും ഞാൻ എൻറെ പഴയ അഭിപ്രായം ഉപേക്ഷിക്കുകയും ചെയ്തു.

### ഉപദേശത്തിന്റെ സ്വാധീനം

ഖാസി അമീർ ഹുസൈൻ സാഹിബ് വിവരിക്കുന്നു, എന്റെ ആദ്യ ഭാര്യയിലുണ്ടായ ഒരു മകൻ മരണപ്പെട്ടു. അവന്റെ ഉമ്മ വലിയ നിലവിളിയും ബഹളവും ഉണ്ടാക്കി, അവന്റെ വല്യുമ്മയും അങ്ങനെ തന്നെയായിരുന്നു. ഞാൻ അവരെ പലതവണ തടഞ്ഞെങ്കിലും അവർ പിന്മാറിയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ കുട്ടിയുടെ ജനാസ നമസ്കരിക്കാൻ വന്നപ്പോൾ, നമസ്കാരത്തിന് ശേഷം അദ്ദേഹം എഴുന്നേറ്റ് നിന്ന് വളരെ നേരം ഉപദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. അവസാനം അദ്ദേഹം പറഞ്ഞു, 'ഖാസി സാഹിബ്, എൻറെ ഈ ഉപദേശം താങ്കളുടെ വീട്ടിലും എത്തിക്കുക.' ഞാൻ വീട്ടിലെത്തി ഭാര്യയോട്


• ഹദീഥുന്നബ്വി(സ) •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്വി(സ) •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

• ഹദീഥുന്നബ്വി(സ) •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.

tectona feel more confidence



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശം പറഞ്ഞു കൊടുത്തു. അതിനുശേഷം അവൾക്ക് രണ്ട് മൂന്ന് ആൺകുട്ടികൾ കൂടി മരണപ്പെട്ടെങ്കിലും, കണ്ണുനീർ ഒഴുക്കുകയല്ലാതെ അവൾ മറ്റൊന്നും ചെയ്തില്ല.

### ആഗ്രഹ സഫലീകരണം

മൗലവി ഷേർ അലി സാഹിബ് എന്നോട് വിവരിക്കുന്നു, ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖാദിയാനിൽ നിന്ന് ഗുർദാസ്പൂരിലേക്ക് പോകുന്നതിനിടയിൽ ബട്ടാലയിൽ തങ്ങി. അവിടെ, അദ്ദേഹത്തെ അന്വേഷിച്ച് ഖാദിയാനിൽ പോയി ബട്ടാലയിലേക്ക് മടങ്ങിയെത്തിയ ഒരു അതിഥി അദ്ദേഹത്തിന് സമ്മാനമായി കുറച്ച് പഴങ്ങൾ കൊണ്ടുവന്നു. പഴങ്ങളിൽ മുന്തിരിയും ഉണ്ടായിരുന്നു. അദ്ദേഹം മുന്തിരി കഴിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു, ‘മുന്തിരിയിൽ പുളിപ്പുണ്ട്, എന്നാൽ ഈ പുളിപ്പ് ജലദോഷത്തിന് ഹാനികരമല്ല.‘ പിന്നീട് അദ്ദേഹം പറഞ്ഞു, ‘ഇപ്പോൾ എൻറെ മനസ്സ് മുന്തിരി ആഗ്രഹിച്ചതേയുണ്ടായിരുന്നുള്ളൂ, അപ്പോഴേക്കും അല്ലാഹു അത് എത്തിച്ചുതന്നു.‘ അദ്ദേഹം പറഞ്ഞു, ‘മനസ്സ് ആഗ്രഹിക്കുന്ന കാര്യം അല്ലാഹു ലഭ്യമാക്കിക്കൊടുക്കുമെന്ന് ഞാൻ പലതവണ അനുഭവിച്ചറിഞ്ഞിട്ടുണ്ട്.‘ പിന്നീട് ഒരിക്കൽ അദ്ദേഹം ഇപ്രകാരം കേൾപ്പിച്ചു, ഞാൻ ഒരിക്കൽ ഒരു യാത്രയിൽ പോകുകയായിരുന്നു. അപ്പോൾ എന്റെ മനസ്സിൽ പച്ച കരിമ്പ് കഴിക്കണമെന്ന ആഗ്രഹം തോന്നി. എന്നാൽ വഴിയിൽ എവിടെയും കരിമ്പ് ലഭിച്ചില്ല. പക്ഷേ അല്ലാഹുവിന്റെ അത്ഭുതകരമായ ക്രമീകരണം നോക്കൂ! കുറച്ച് കഴിഞ്ഞപ്പോൾ, അത്തരം കരിമ്പ് കഷണങ്ങൾ കൈവശമുണ്ടായിരുന്ന ഒരാളെ ഞങ്ങൾ കണ്ടുമുട്ടി. അദ്ദേഹത്തിൽ നിന്ന് ഞങ്ങൾക്ക് ആ കരിമ്പ് കഷണങ്ങൾ ലഭിച്ചു.’

### സുൽത്താൻ അഹ്മദ് സാഹിബും ഫദ്ൽ അഹ്മദ് സാഹിബും

ഹദ്റത്ത് അമ്മാജാൻ എന്നോട് വിവരിക്കുന്നു, തുടക്കകാലത്ത് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കഠിനമായ അസുഖബാധയുണ്ടായി. ആരോ മിർസാ സുൽത്താൻ അഹ്മദിനെയും മിർസാ ഫദ്ൽ അഹ്മദിനെയും വിവരമറിയിക്കുകയും അവർ രണ്ടുപേരും വരികയും ചെയ്തു. പിന്നീട് അവരുടെ മുന്നിൽ വെച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അസുഖബാധയുണ്ടായി. അമ്മാജാൻ പറയുന്നു, ആ സമയത്ത് മിർസാ സുൽത്താൻ അഹ്മദ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കട്ടിലിനരികിൽ നിശബ്ദനായി ഇരിക്കുന്നത് ഞാൻ കണ്ടു. എന്നാൽ മിർസാ ഫദ്ൽ അഹ്മദിൻറെ മുഖഭാവം മാറിമറിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. അവൻ ചിലപ്പോൾ ഇങ്ങോട്ടും ചിലപ്പോൾ അങ്ങോട്ടും ഓടുകയായിരുന്നു. ചിലപ്പോൾ തൻറെ തലപ്പാവ് ഊരി ഹദ്റത്ത് മസീഹ് മൗഊദ്(അ)ൻറെ കാലുകളിൽ കെട്ടുകയും ചിലപ്പോൾ കാൽ തിരുമ്മി കൊടുക്കാൻ തുടങ്ങുകയും ചെയ്തു. പരിഭ്രമം കാരണം അവന്റെ കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു.

പേജ് 12ൽ നിന്ന്

അല്ലെങ്കിൽ ‘അവിടുന്ന് ഇപ്രകാരം പ്രവർത്തിക്കുന്നത് ഞാൻ കണ്ടു’, അല്ലെങ്കിൽ ‘തിരുനബി(സ)യുടെ സാന്നിധ്യത്തിൽ ഒരു കാര്യം സംഭവിക്കുകയും അവിടുന്ന് അത് വിലക്കാതിരിക്കുകയും ചെയ്തു’. എന്നാൽ, തിരുനബി(സ)യുടെ സ്വഹാബികളുടെ മാത്രം വാക്കുകളും പ്രവൃത്തികളും ഉൾക്കൊള്ളുന്ന നിവേദനങ്ങളും ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. ഹദീസിന്റെ സാങ്കേതിക ഭാഷയിൽ ഇവയെ ‘ആഥാർ’ (آثار) എന്നാണ് വിളിക്കുന്നത്. (തുടരും)

## സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ
## രണ്ടാം ഗ്രേഡ് തസ്തികയിലേക്കുള്ള പരസ്യം

**നിബന്ധനകൾ:**

1. ഉദ്യോഗാർത്ഥിയുടെ പ്രായം 18 വയസ്സിനു മുകളിലും 25 വയസ്സിൽ താഴെയുമായിരിക്കണം.
2. ഉദ്യോഗാർത്ഥിക്ക് കുറഞ്ഞത് 45 ശതമാനം മാർക്കോടെ 10+2 വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണം.
3. ഉദ്യോഗാർത്ഥിക്ക് ഉറുദു, ഇംഗ്ലീഷ് ടൈപ്പിംഗ് അറിഞ്ഞിരിക്കണം, വേഗത മിനിറ്റിൽ 25 വാക്കുകൾ ആയിരിക്കണം.
4. ഈ പരസ്യത്തിന് ശേഷം 2 മാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
5. രണ്ടാം ഗ്രേഡ് ജീവനക്കാർക്കായുള്ള പരീക്ഷാ സിലബസ് താഴെ നൽകുന്നു. പരീക്ഷയുടെ എല്ലാ ഘടകത്തിലും വിജയിക്കേണ്ടത് നിർബന്ധമാണ്.

**പാഠ്യപദ്ധതി മാർക്ക്**

| | | |
|---|---|---|
| 1 | * വിശുദ്ധ ഖുർആൻ: നോക്കി ഓതൽ : മുഴുവൻ ഖുർആനും/തർജമ : ആദ്യത്തെ ജുസ്അ് * 40 ജവാഹിർ പാരെ (40 മൊഴിമുത്തുകൾ) എന്ന പുസ്തകം മുഴുവൻ * നമസ്കാരം അർത്ഥസഹിതം. | 30 |
| 2 | * കശ്തിയെ നൂഹ്, ബറകാത്തുദ്ദുആ എന്നീ ഗ്രന്ഥങ്ങൾ, ദീനീ മഅ്ലൂമാത്ത് * കവിത : ദുർറെ സമീനിൽ നിന്നുള്ള കവിത (ശാനേ ഇസ്‌ലാം).* അഹ്മദിയ്യ ജമാഅത്തിൻറെ വിശ്വാസങ്ങളെക്കുറിച്ചുള്ള ലേഖനം. | 20 |
| 3 | ഇംഗ്ലീഷ് : 10+2 നിലവാരം | 20 |
| 4 | കണക്ക് : മെട്രിക് നിലവാരം (ഓഫീസ് ഇംപ്രസ്റ്റുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ). | 20 |
| 5 | പൊതുവിജ്ഞാനം (G.K) | 10 |

6. എഴുത്തുപരീക്ഷയിൽ വിജയിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അഭിമുഖം ഉണ്ടായിരിക്കുകയുള്ളൂ.

7. എഴുത്തുപരീക്ഷ, കമ്പ്യൂട്ടർ ടെസ്റ്റ്, അഭിമുഖം എന്നിവയിൽ വിജയിച്ചാൽ, ഉദ്യോഗാർത്ഥി ഖാദിയാനിലെ നൂർ ഹോസ്പിറ്റലിൽ നിന്ന് വൈദ്യപരിശോധന നടത്തണം. നൂർ ഹോസ്പിറ്റൽ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം ആരോഗ്യവാനായ ഉദ്യോഗാർത്ഥിക്ക് മാത്രമേ സേവനത്തിന് അർഹതയുണ്ടാവുകയുള്ളൂ.

8. തിരഞ്ഞെടുക്കപ്പെട്ടാൽ, ഉദ്യോഗാർത്ഥി ഖാദിയാനിൽ സ്വന്തം താമസ സൗകര്യം കണ്ടെത്തണം. പിന്നീട് താമസവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ നടപടിയെടുക്കുന്നതല്ല.

9. ഖാദിയാനിലേക്കുള്ള യാത്രാച്ചെലവ് ഉദ്യോഗാർത്ഥി തന്നെ വഹിക്കണം.

*കുറിപ്പ്: എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും തീയതി ഉദ്യോഗാർത്ഥികളെ പിന്നീട് അറിയിക്കുന്നതാണ്.*

Nazarat Diwan, Sadr Anjuman Ahmadiyya, Qadian
Office: 01872–501130
Mobile: 09888232530, 09682627592
Email: nazaratdiwanqdn@gmail.com

## 131-ാമത് ജൽസ സാലാന ഖാദിയാൻ

**2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131-ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു. സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

NAZIR ISLAH–O–IRSHAD MARKAZIA, QADIAN

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Vol-11 Issue:27

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 **Thursday 2 July 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

**സീറത്തുന്നബി(സ)**

വിവ: അബൂസ്വബാഹ്

# അസ്മാഉർ രിജാൽ

ഹദീസ്, സീറത്ത് എന്നിവയുടെ നിവേദകരുടെ ജീവചരിത്രങ്ങൾ വിമർശനാത്മകമായ രീതിയിൽ ക്രോഡീകരിച്ചിട്ടുള്ള വിജ്ഞാന ശാഖയാണ് 'അസ്മാഉർ രിജാൽ' എന്നറിയപ്പെടുന്നത്. ഒരു നിവേദനം നമ്മുടെ മുന്നിലെത്തുമ്പോൾ അതിന്റെ നിവേദക പരമ്പരയുടെ ഗുണനിലവാരം നിർണ്ണയിക്കാൻ ഈ വിജ്ഞാനം സഹായിക്കുന്നു. ഈ വിജ്ഞാനശാഖ വളരെ വിശാലവും വിപുലവുമാണ്. സർ വില്യം മ്യൂറിന്റെ അഭിപ്രായപ്രകാരം, ഈ വിജ്ഞാനത്തിലൂടെ 40,000 നിവേദകരുടെ വിവരങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

*(Life of 'Mahomet', Sir William Muir, p. 575 (footnote 1), Reprint of the 1894 Ed., Published by Voice of India New Delhi)*

മാനവ ചരിത്രത്തിൽ ഇത്തരമൊരു രേഖ സമാനതകളില്ലാത്തതാണ്. ഇതൊരു സാധാരണ ശേഖരമല്ല; മറിച്ച്, ആധികാരികമായ വിമർശന തത്വങ്ങൾക്കനുസൃതമായി തയ്യാറാക്കിയതാണ്. ഓരോ നിവേദകന്റെയും ജനന തീയതി, മരണ തീയതി, താമസസ്ഥലം, ജീവിതശൈലി, സ്വഭാവം, പാണ്ഡിത്യം, ബുദ്ധിശക്തി, ഓർമ്മശക്തി, വിവേചനാധികാരം, സത്യസന്ധത, വിശ്വസ്തത, നിവേദനരീതി, ഗുരുക്കന്മാർ, ശിഷ്യന്മാർ, സമകാലികർ തുടങ്ങിയ വിവരങ്ങളെല്ലാം പൂർണ്ണമായ ആധികാരികതയോടെയും കൃത്യതയോടെയും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ വിജ്ഞാനത്തെ ഒരു ഔദ്യോഗിക ശാസ്ത്രമായി വികസിപ്പിക്കാൻ ആലോചിച്ച ആദ്യ വ്യക്തി ഹിജ്റ 120ൽ അന്തരിച്ച ശുഅ്ബ ബിൻ അൽ ജഹാജ് ആണ്. തുടർന്ന്, ഹിജ്റ 198ൽ അന്തരിച്ച ഇമാം യഹ്‌യാ ബിൻ സഈദ് അൽ ഖത്വാൻ ഈ വിജ്ഞാനശാഖയെ കൂടുതൽ വികസിപ്പിക്കുകയും ഇതിന്റെ ആദ്യ ശേഖരം തയ്യാറാക്കുകയും ചെയ്തു. അദ്ദേഹത്തിന് ശേഷം ഹിജ്റ 261ൽ അന്തരിച്ച അല്ലാമ അഹ്മദ് ബിൻ അബ്ദുല്ലാഹ് അൽ അജലിയും, ഹിജ്റ 327ൽ അന്തരിച്ച ഇമാം അബ്ദുറഹ്മാൻ ബിൻ അബീ ഹാതിം അർറാസിയും ഈ വിജ്ഞാനവുമായി ബന്ധപ്പെട്ട നിരവധി വിലപ്പെട്ട ഗ്രന്ഥങ്ങൾ രചിച്ചു. ഇരുവരും തങ്ങളുടെ കൃതികൾക്ക് **'കിതാബുൽ ജർഹി വത്തഅ്ദീൽ'** എന്ന് പേരിട്ടു.

എങ്കിലും, ആദ്യകാല പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽ വെച്ച് ഏറ്റവും പൂർണ്ണവും ആധികാരികവുമായ കൃതി ഹിജ്റ 365ൽ അന്തരിച്ച അബൂ അഹ്മദ് അബ്ദുല്ലാഹ് ബിൻ മുഹമ്മദ് ബിൻ അദിയ്യ് സമാഹരിച്ച **'കിതാബുൽ കാമിൽ ഫീ മഅ്രിഫതിദ്ദുഅഫാഇ വൽ മത്റൂകീൻ'** ആണ്.

*(Kashfuẓ-Ẓunnūn, Volume 1, pp. 582-583, Under "'Ilmul-Jarḥi wat-Ta'dīl", Dāru Iḥyā'it-Turāthil-'Arabī, Beirut, Lebanon)*

കൂടാതെ, ഹാഫിസ് ഉഖൈലിയും ഇമാം ദാറുഖുത്നിയും മറ്റ് പലരും ഈ രംഗത്ത് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ, ഇവയിൽ ഭൂരിഭാഗം ഗ്രന്ഥങ്ങളും നഷ്ടപ്പെട്ടുപോയിരിക്കുന്നു, എങ്കിലും അവയിലേക്കുള്ള നിരവധി പരാമർശങ്ങൾ പിൽക്കാല രചനകളിൽ കാണാൻ സാധിക്കുന്നുണ്ട്.

ആദ്യകാല കൃതികളെ അടിസ്ഥാനമാക്കി പിൽക്കാല തലമുറ രചിച്ചതും, ഇന്ന് ഏറ്റവും പ്രശസ്തവും പ്രചാരത്തിലുള്ളതുമായ ഗ്രന്ഥങ്ങളുടെ പട്ടിക താഴെ നൽകുന്നു:

1. **അൽകമാൽ ഫീ മഅ്രിഫതിർ റിജാൽ:** ഹിജ്റ 600ൽ അന്തരിച്ച ഹാഫിസ് അബ്ദുൽ ഗനി ബിൻ അബ്ദുൽ വാഹിദ് അൽ മഖ്ദിസി രചിച്ചത്.

2. **തഹ്ദീബുൽ കമാൽ ഫീ മഅ്രിഫതിർ റിജാൽ:** ഹിജ്റ 722ൽ അന്തരിച്ച ഹാഫിസ് ജമാലുദ്ദീൻ യൂസുഫ് ബിൻ സകീ അൽ മിസ്സി രചിച്ചത്.

3. **മീസാനുൽ ഇഅ്തിദാൽ ഫീ നഖ്ദി റിജാൽ** (3 വാല്യങ്ങൾ): ഹിജ്റ 748ൽ അന്തരിച്ച ഹാഫിസ് ശംസുദ്ദീൻ അബൂ അബ്ദുല്ലാഹ് മുഹമ്മദ് ബിൻ അഹ്മദ് അദ്ദഹബി രചിച്ചത്.

4. **തഹ്ദീബുത്തഹ്ദീബ്** (12 വാല്യങ്ങൾ): ഹിജ്റ 852ൽ അന്തരിച്ച ഹാഫിസ് അബുൽ ഫള്ൽ അഹ്മദ് ബിൻ അലി ബിൻ മുഹമ്മദ് ബിൻ അലി ബിൻ ഹജർ അൽ അസ്ഖലാനി രചിച്ചത്.

5. **അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്** (2 വാല്യങ്ങൾ): ഹിജ്റ 463ൽ അന്തരിച്ച ഹാഫിസ് അബൂ അംറ് യൂസുഫ് ബിൻ അബ്ദുല്ലാഹ് ബിൻ മുഹമ്മദ് ബിൻ അബ്ദിൽ ബർറ് അൽ ഖുർതുബി രചിച്ചത്.

6. **ഉസുദുൽ ഗാബ ഫീ മഅ്രിഫതിസ്സ്വഹാബ** (5 വാല്യങ്ങൾ): ഹിജ്റ 630ൽ അന്തരിച്ച ഹാഫിസ് ഇസ്സുദ്ദീൻ അബുൽ ഹസൻ അലി ബിൻ മുഹമ്മദ് ബിൻ അബ്ദിൽ കരീം (ഇബ്നുൽ അതീർ അൽ ജസ്രി എന്ന് അറിയപ്പെടുന്നു) രചിച്ചത്.

7. **അൽഇസാബ ഫീ മഅ്രിഫതിസ്സ്വഹാബ** (10 വാല്യങ്ങൾ): ഹിജ്റ 852ൽ അന്തരിച്ച ഹാഫിസ് ഇബ്നു ഹജർ അൽ അസ്ഖലാനി രചിച്ചത്.

മേൽപ്പറഞ്ഞ പട്ടികയിലെ അവസാനത്തെ മൂന്ന് പുസ്തകങ്ങൾ **'അസ്മാഉർ രിജാൽ'** എന്ന വിജ്ഞാനശാഖയുമായി നേരിട്ട് ബന്ധപ്പെട്ടതല്ല, മറിച്ച് അവ തിരുനബി(സ)യുടെ സ്വഹാബികളുടെ ചരിത്രവുമായി ബന്ധപ്പെട്ടവയാണെന്ന് എടുത്തുപറയേണ്ടതുണ്ട്. എങ്കിലും, ഈ രണ്ട് വിജ്ഞാനശാഖകളും തമ്മിൽ വളരെ അടുത്ത ബന്ധമുള്ളതിനാൽ, ഈ പുസ്തകങ്ങളെയും മേൽപ്പറഞ്ഞ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

**ഹദീസ് ഗ്രന്ഥങ്ങൾ**

നിവേദനങ്ങളെ അവയുടെ സ്വഭാവമനുസരിച്ച് മൂന്നായി തരംതിരിക്കാം:

1. ഹദീസ്
2. തഫ്സീർ (ഖുർആൻ വ്യാഖ്യാനം)
3. സീറത്ത് (തിരുനബി(സ)യുടെ ചരിത്രം), ചരിത്രം

മേൽപ്പറഞ്ഞ പട്ടികയിലെ അവസാനത്തെ വിജ്ഞാനശാഖയുടെ ഒരു ഭാഗത്തെ ഭമഗാസിഭ എന്നും വിളിക്കാറുണ്ട്. യഥാർത്ഥത്തിൽ ഹദീസ് എന്നത് നിവേദനങ്ങളുടെ സമാഹാരമാണ്. മതപരമായ തത്വങ്ങളുടെ സംരക്ഷണമാണ് ഇതിന്റെ പ്രധാന ലക്ഷ്യം, എങ്കിലും തഫ്സീറുകളും ചരിത്രപരമായ വസ്തുതകളും ഇതിൽ ഉൾപ്പെടാറുണ്ട്. പൊതുവെ, തിരുനബി(സ)യിലേക്ക് ചങ്ങല (പരമ്പര) എത്തിച്ചേരുന്ന നിവേദനങ്ങളെയാണ് ഹദീസ് എന്ന് വിളിക്കുന്നത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, നിവേദന പരമ്പരയിലെ അവസാനത്തെ ആൾ ഇങ്ങനെ പറയുന്നു: 'തിരുനബി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു'

ശേഷം പേജ് 11 ൽ

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

(www.akhbarbadr.in)



Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin